# ക്രൈസ്തവ
# വനിത

January - February 2020



A fundamental Christian bi-monthly publication of the women, by the women, for the family

2020
January - February

Volume XIII
Issue 1

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| യേശുക്രിസ്തു മതസ്ഥാപകനോ? | – | മേരി അഞ്ചൻ | 1 |
| മതിലുകൾക്കു പുറമെ | – | ജെസി ബെൻസെൻ | 3 |
| യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും | – | എൽസി ബേബി | 4 |
| ക്രിസ്തുവാകുന്ന പാറമേൽ നങ്കൂരമിട്ടവർ | – | എൽസി തോമസ് | 6 |
| കുഞ്ഞാടിന്റെ കല്യാണം | – | മോളിക്കുട്ടി ചാക്കോ | 8 |
| ജഡരക്തങ്ങൾക്കുവേണ്ടി | – | മഹേശ്വരി പുരന്ദരൻ | 10 |
| വേനലിനുശേഷം വസന്തം | – | ഡോ. കുഞ്ഞുമോൻ ചാക്കോ | 12 |
| നല്ല ഭടനായി കഷ്ടം സഹിക്കുക | – | ജോർജ് ജോൺ | 15 |
| വിവാഹം എല്ലാവർക്കും മാന്യം | – | പാസ്റ്റർ എ. ജെ. ജോൺ | 17 |
| ദൈവസഭയുടെ സാദൃശ്യങ്ങൾ | – | എം. എം. ആൻഡ്രൂസ് | 19 |
| ഇയ്യോബ് : ഒരു മാതൃകാപിതാവ് | – | ഡോ. ചാൾസ് ജോൺ | 21 |
| Quest -69 | – | cover | 3 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ

**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**

എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN**
**WOMAN**

*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
**E-mail: chasjohn@gnmindia.org**
Mob: 9446548079

എഡിറ്റോറിയൽ

# യേശുക്രിസ്തു മതസ്ഥാപകനോ?



**ലോ**കത്തിൽ എണ്ണമറ്റമതങ്ങളും, മതസ്ഥാപകരും ഉണ്ട്? എല്ലാമതത്തിന്റെയും പരമോദ്ദേശ്യം മോക്ഷപ്രാപ്തി എന്നതാണ്. പുണ്യപ്രവൃത്തികൾകൊണ്ട് മോക്ഷം ലഭിക്കുമെന്ന് അനേകരും വിശ്വസിക്കുന്നു. ഈശ്വരനെ എത്തിപ്പിടിക്കാൻ മനുഷ്യർ വിവിധമാർഗ്ഗങ്ങൾ അവലംബിക്കുന്നു. മരണാനന്തരവും ബന്ധുക്കൾ ചരമവാർഷികംകൊണ്ടാടി, പരേതന്റെ ആത്മശാന്തിക്കായി നേർച്ചകളും കാഴ്ചകളും നിർവ്വഹിക്കുന്നു. എന്നാൽ ഇവകൊണ്ടെല്ലാം പാപപരിഹാരം ലഭിച്ചതായി ആരും തന്നെ സാക്ഷിച്ചിട്ടില്ല.

സ്രഷ്ടാവായ ദൈവം ആദി മനുഷ്യനെയും, സ്ത്രീയെയും നിഷ്പാപാവസ്ഥയിൽ സൃഷ്ടിച്ചു. അവർ പരിശുദ്ധനായ ദൈവ സാമീപ്യത്തിൽ സന്തത സഹചാരികളായി കാലം കഴിക്കവേ, സാത്താന്റെ പ്രലോഭനത്തിനു വശംവദരാവുകയും, ദൈവസംസർഗ്ഗത്തിൽ നിന്നും വിച്ഛേദിക്കപ്പെടുകയും ചെയ്തു. അവർ ശാപഗ്രസ്തരായിത്തീർന്നു. എങ്കിലും സർവ്വകൃപാലുവും, സ്നേഹസ്വരൂപനുമായ ദൈവം മനുഷ്യന് തന്നോടുണ്ടായിരുന്ന ബന്ധം പുനഃസ്ഥാപിക്കാനായി ഒരു മാർഗ്ഗം രൂപീകരിച്ചു. ഉത്പ.3:15-ൽ വാഗ്ദത്തം നല്കി, അതിന്റെ നിവൃത്തിയുടെ പശ്ചാത്തലം പഴയ നിയമത്തിൽ ഉടനീളം കാണുന്നു. അനന്തരം, കാലസമ്പൂർണ്ണതയിൽ തന്റെ പുത്രനായ യേശുവിനെ ലോകത്തിലേക്ക് അയച്ചു, സകല ലോകത്തിന്റെയും ന്യായവിധി അവന്റെമേൽ ഏറ്റെടുത്തു, ക്രൂശിന്മേൽ സ്വജീവനെ അർപ്പിച്ച് മനുഷ്യന് പാപപരിഹാര മാർഗ്ഗം വെളിപ്പെടുത്തി.

യേശുവിന്റെ തിരുഅവതാരത്തിന് 700-ൽപരം വർഷങ്ങൾക്കു മുമ്പ് യെശയ്യാ പ്രവാചകൻ തന്റെ പ്രവചനത്തിൽ യേശുവിന്റെ ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പുനരാഗമനമെന്നീ വിഷയങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. യെശയ്യാവിന്റെ സമകാലീനനായിരുന്ന മീഖാ യേശുവിന്റെ ജനനസ്ഥലത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട് (യെശയ്യാ.9:6, 7:14 മീഖാ 5:2). അങ്ങനെ യേശു എന്ന രക്ഷിതാവ് പ്രത്യേക ഉദ്ദേശ്യത്തോടെയാണ് ജനിച്ചത്. ഒരു മതസ്ഥാപകനും ഉദ്ദേശ്യപൂർവ്വം ജനിച്ചിട്ടില്ല. ജീവിത പന്ഥാവിൽ അവർക്കുണ്ടായിട്ടുള്ള പ്രചോദനംമൂലം ഗുരുക്കന്മാരായിത്തീർന്നു. അനന്തരം മരണം വഴിയായി ലോകം വിട്ടുപോയി. അവരുടെ അന്ത്യം അങ്ങനെ അവസാനിക്കുന്നു! എന്നാൽ യേശു ക്രൂശിൽ തന്റെ നിയോഗം നിർവ്വഹിച്ച് മരണത്തെയും, സാത്താനെയും ജയിച്ചവനായി, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ സന്നിധിയിലേക്ക് സ്വർഗ്ഗാരോഹണം ചെയ്തു,

യേശുക്രിസ്തു ഒരു മതസ്ഥാപകനല്ല. തന്നെ അനുധാവനം ചെയ്യുന്നവരെ ക്രിസ്ത്യാനികൾ എന്നു വിളിക്കാൻ ആവശ്യപ്പെട്ടിട്ടുമില്ല. എന്നാൽ “ഞാൻ തന്നെ വഴിയും സത്യവും ജീവനും” എന്നു ഉച്ചൈസ്തരം ഉദ്ഘോഷിച്ച യേശുക്രിസ്തു, പിതാവായ ദൈവത്തിങ്കലേക്കുള്ള വഴികാട്ടിയാണ്. അവിടന്നു മതമല്ല

മാർഗ്ഗമാണ് സ്ഥാപിച്ചത്. ആ മാർഗ്ഗത്തിലൂടെ യാത്ര ചെയ്തവരെ ലോകമാണു 'ക്രിസ്ത്യാനികൾ' എന്ന പേർ വിളിച്ചതും 'ക്രിസ്തുമതം' സ്ഥാപിച്ചതും. (അപ്പൊ.പ്രവൃത്തി 11:26) "അന്ത്യോക്ക്യയിൽ വച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന് പേർ ഉണ്ടായി".

"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു". അങ്ങനെ നിത്യജീവന് അവകാശികളായിത്തീരുന്ന നമ്മുടെ പ്രത്യാശ അവന്റെ പുനരാഗമനമാണ്. അന്ന് നമ്മെ അവൻ ചേർത്തുകൊള്ളും. എന്നേക്കും അവനോടുകൂടെ വസിക്കുവാനും സ്വർഗ്ഗസുഖം അനുഭവിക്കുവാനും സാധ്യമാകും. "അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും" (വെളി.22:4). ഈ യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ച് രക്ഷയുടെ അനുഭവം ഇല്ലാത്തവർ അവനെ കൈകൊണ്ട് നിത്യജീവന്റെ അവകാശികളാകുവാൻ ദൈവം കൃപ ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**മേരി അഞ്ചൻ, തുംകൂർ**
ചീഫ്എഡിറ്റർ

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്
## (Annamma Charles John Writers Award)

**ക്രൈസ്തവ** വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാലേഖകർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക എന്ന് നേരത്തെ അറിയിച്ചിരുന്നുവല്ലോ. തദനുസൃതമായി കഴിഞ്ഞ ഒരു വർഷം ഞങ്ങൾക്കു ലഭിച്ച ലേഖനങ്ങളിൽ സമ്മാനാർഹമായവയുടെ രചയിതാക്കളുടെ പേരുകൾ താഴെ ചേർക്കുന്നു.

**Best Writer of the Year Award (2019):** Rs. 10,000 cash prize and a plaque.
**Mrs. Molykutty Chacko,** Padiottuchal, Kannur

**Consolation Award** (ചീഫ് എഡിറ്ററുടെ പ്രോത്സാഹന സമ്മാനം): Rs. 1000 cash prize and a plaque.
**Mrs. Elsy Thomas,** Meenthulli, Kannur

ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരുന്നു അവാർഡു ലഭിക്കുവാൻ അർഹരായ ലേഖനകർത്രികളെ തിരഞ്ഞെടുത്തത്.

ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ ഇനിയും ധാരാളമായി ക്രൈസ്തവകൈരളിക്കു ദൈവം പ്രദാനം ചെയ്യട്ടെയെന്നു പ്രാർത്ഥിക്കുന്നു.

2020 ഫെബ്രുവരി 29-ാം തീയതി കാട്ടായിക്കോണം ലോഗോസ് കോളേജ് ഓഫ് തിയോളജിയിൽ നടക്കുന്ന ഗ്രാജുവേഷൻ സമ്മേളനത്തിൽ വച്ച് ക്രൈസ്തവ വനിത അവാർഡുകൾ സമ്മാനിച്ച് അവാർഡുജേതാക്കളെ ആദരിക്കുന്നതാണ്.

**പത്രാധിപർ**

# മതിലുകൾക്കു പുറമെ

ജെസി ബെൻസെൻ, കൊച്ചി



**നെ**ബൂഖദ്നേസർ രാജാവ് യെരുശലേം നഗരത്തിനു ചുറ്റും പാളയമിറങ്ങിയിരിക്കെ, സിദെക്കീയാവ് യിരെമ്യാപ്രവാചകന്റെ അടുക്കൽ ആളയച്ച് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെന്ന് ആവശ്യപ്പെട്ടു. കല്ദയർ തങ്ങളെവിട്ടു പോകേണ്ടതിനായിട്ടായിരുന്നു യിരെമ്യാവ് ദൈവത്തോട് അപേക്ഷിക്കുവാൻ സിദെക്കീയാവ് ആവശ്യപ്പെട്ടത്. സിദെക്കീയാവിനോട് എന്തുമറുപടി പറയണമെന്ന് ദൈവം യിരെമ്യാവിനോട് അരുളിച്ചെയ്തു. "യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മതിലുകൾക്കു പുറമെ നിങ്ങളെ നിരോധിച്ചിരിക്കുന്ന ബാബേൽ രാജാവിനോടും കല്ദയരോടും യുദ്ധം ചെയ്‌വാൻ നിങ്ങളുടെ കൈയിൽ പിടിച്ചിരിക്കുന്ന ആയുധങ്ങളെ ഞാൻ മടക്കിച്ചു ഈ നഗരത്തിന്റെ നടുവിൽ കൂട്ടും. ഞാൻ തന്നേയും ..... നിങ്ങളോടു യുദ്ധം ചെയ്യും". (യിരെ. 21:4,5)

മതിലുകൾക്കു പുറമെ നിങ്ങളെ നിരോധിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതിൽ, മതിലുകൾക്കു അകത്ത് അവർ സുരക്ഷിതരും സ്വതന്ത്രരും ആണെന്നൊരു ധ്വനിയുണ്ട്. ഒപ്പം, അവർ തന്നെ മതിൽ പൊളിക്കാതെ ശത്രുവിന് അകത്ത് കയറുവാനും സാധ്യമല്ല. എന്നാൽ കല്ദയർ നഗരം വളഞ്ഞിരിക്കെ, നഗരമതിൽ ഒരിടം പൊളിച്ച് രക്ഷപ്പെടാൻ ശ്രമിച്ചപ്പോഴാണ് സിദെക്കീയാവ് പിടിക്കപ്പെട്ടത് (2രാജാ.25:4–7).

നഗരമതിലുകൾക്കു അകത്ത് അവർ എന്താണ് ചെയ്തുകൊണ്ടിരുന്നതെന്ന് ദൈവം യിരെമ്യാവ് മുഖാന്തരം വെളിപ്പെടുത്തുന്നു. അവർ ആയുധങ്ങൾ കൈയിൽ പിടിച്ച് കല്ദയസൈന്യത്തോട് പോരാടുന്നതിനുള്ള പരിശീലനത്തിലായിരുന്നു. അവർ പ്രാർത്ഥിക്കുകയായിരുന്നില്ല. പ്രാർത്ഥന ആവശ്യപ്പെടുക മാത്രമായിരുന്നു ചെയ്തത്. ദൈവത്തോട് അപേക്ഷിക്കുന്ന ശുശ്രൂഷ യിരെമ്യാവിനെ ഭരമേല്പിച്ച് അവർ സ്വയം പ്രതിരോധിക്കുന്നതിനുള്ള അഭ്യസനത്തിലായിരുന്നു. ദൈവസന്നിധിയിൽ തന്നെത്താൻ താഴ്ത്തുകയും തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിഞ്ഞ് ദൈവഹിതത്തിനു വിധേയപ്പെടുവാൻ സന്നദ്ധരാകയുമാണ് അവർ ചെയ്യേണ്ടിയിരുന്നത്. മതിലുകൾക്ക് അകത്ത് അവർ ദൈവഹിതപ്രകാരം ജീവിച്ചിരുന്നുവെങ്കിൽ മതിലുകൾക്കു പുറമെയുള്ള ശത്രുവിനെക്കുറിച്ച് അവർ ആശങ്കപ്പെടേണ്ടിവരികയില്ലായിരുന്നു. മതിലുകൾക്ക് പുറമെ നിരോധിച്ചിരിക്കുന്ന ശത്രുവിനെതിരെ യുദ്ധം ചെയ്‌വാൻ ആയുധങ്ങൾ കൈയിലേന്തി പരിശീലനത്തിലേർപ്പെടാതെ മതിലുകൾക്കു അകത്ത് നമ്മെ ദൈവത്തിൽ നിന്നകറ്റുന്ന ശത്രുവിനെതിരെയാണ് നാം ആയുധങ്ങളെ കൈവശം വയ്ക്കേണ്ടത്. ദൈവം വച്ചിരിക്കുന്ന അതിരുകളും തിരുവചനം അനുശാസിക്കുന്ന കല്പനകളുമാണ് നമുക്കുചുറ്റിലുമുള്ള ഈ മതിലുകൾ. അവയ്ക്കുള്ളിൽ നാം സുരക്ഷിതരും സ്വതന്ത്രരുമാണ്. നമ്മുടെ സുരക്ഷ ഉദ്ദേശിച്ചുള്ളതാണ് ഇത്തരം ചട്ടങ്ങളും കല്പനകളുമായ വേലിക്കെട്ടുകൾ. മതിലിനു പുറത്തിറങ്ങി ശത്രുവിനെ എങ്ങനെ നേരിടണമെന്നതിനെക്കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും പരിശീലനങ്ങളും അനാവശ്യവും പ്രയോജനരഹിതവുമാണ്.

*ശേഷം 5-ാം പേജിൽ*

# യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും



എൽസി ബേബി, ന്യൂ യോർക്ക്

ക്രിസ്തുമസ്സ് ആഘോഷങ്ങളൊക്കെ കഴിഞ്ഞു. ഇനി പുതുവത്സര പിറവിക്കായി കാത്തിരിക്കയാണല്ലൊ. മനുഷ്യർ എപ്പോഴും "പുതുമകൾ" ആഗ്രഹിക്കുന്നവരാകുന്നു. ഡിസംബർ 31 ഉം, ജനുവരി ഒന്നും തമ്മിൽ എന്താണു വ്യത്യാസം? പതിവുപോലെ സൂര്യൻ കിഴക്കുദിക്കുന്നു. മനോഹരമായ പ്രഭാതം പൊട്ടിവിടരുന്നു. പക്ഷികൾ പാടുന്നു. പ്രകൃതീ ദേവി നിദ്രവിട്ടുണർന്നു മന്ദമാരുതനിൽ ചാഞ്ചാടി ഉല്ലസിച്ചാനന്ദിക്കുന്നു. രാത്രിയിൽ കിടന്നുറങ്ങിയവർ നിദ്രവിട്ടുണർന്നു പതിവു പോലെ ജീവിതരീതികൾ തുടരുന്നു. രാത്രി യിൽ കിടന്നുറങ്ങിയ അനേകർ പ്രഭാതം കാണാതെ മരണം വഴിയായി കടന്നുപോയി രിക്കുന്നു. നവജാതശിശുക്കൾ ഭൂമിയിലേക്ക വതരിക്കപ്പെടുന്നു. ഇങ്ങനെ പോകുന്നു നമ്മുടെ യൊക്കെ ദിനചര്യകൾ. പിന്നെ "പുതുവത്സര പുലരി"ക്കെന്താണ് വിശേഷത? ഒരു വർഷം നമ്മെ വിട്ടുകടന്നുപോയി. ഒരു പുതിയ വർഷം നമ്മുടെ മുമ്പാകെ തുറക്കപ്പെട്ടിരിക്കുന്നുവെന്നു നമ്മുടെ കണക്കുകൂട്ടലുകൾ! ഇത്തരുണ ത്തിൽ മദർ തെരേസ്സായുടെ വാക്കുകൾ ഓർമ്മ യിൽ വരുന്നു. "ഇന്നലെ കടന്നു പോയി, നാളെ വരുമോ എന്നറിയില്ല.'ഇന്നു' എന്നൊരു ദിവസം മാത്രമേ നമ്മുടെ മുമ്പിലുള്ളു. തിന്മ കൾ വെടിഞ്ഞു നന്മകൾ മാത്രം ചെയ്തു ജീവി ക്കാനിടയാകണം". എത്ര നല്ല ആദർശം!

കഴിഞ്ഞ ഒരു വർഷത്തിലേക്കു തിരി ഞ്ഞുനോക്കിയാൽ ഹൃദയം തകരുന്ന ഞെട്ടി പ്പിക്കുന്ന വാർത്തകളല്ലേ നാം കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരുന്നത്? ഇനി വരുവാൻ പോകുന്ന പുതുവർഷത്തിൽ എന്തൊക്കെ സംഭവിക്കും എന്നും അറിഞ്ഞു കൂടാ. 2019-ന്റെ പൊൻ പുലരി കണ്ട എത്രയോ ആയിരങ്ങൾ മരണം വഴിയായി കടന്നു പോയി. മരണാനന്തരം അവർ ഏതവസ്ഥയി ലായിരിക്കുന്നു എന്നറിഞ്ഞു കൂടാ. മരണം യാതൊരു മുന്നറിയിപ്പും കൂടാതെ പ്രായ വ്യത്യാസങ്ങളൊന്നുമില്ലാതെ, ജാതിമതവർണ്ണ വ്യത്യാസമില്ലാതെ എല്ലാവരേയും പിടികൂടും എന്നതിനു സംശയമില്ല. എന്നാൽ 'മരണം' എന്നതു ഒരു പുതുജീവിതത്തിലേക്കുള്ള കവാടമാകുന്നു. മരണാനന്തരം രണ്ടു അവസ്ഥ കളാണ് മുമ്പിലുള്ളത്. നിത്യസൗഭാഗ്യമെന്ന മോക്ഷവും, നിത്യനരകന്യായവിധിയും. ഇവ യിൽ ഏതുവേണമെന്നു തിരഞ്ഞെടുക്കുവാ നുള്ള അവസരം നാം ജീവനോടിരിക്കുമ്പോൾ മാത്രമാകുന്നു. മോക്ഷമാണ് ആഗ്രഹിക്കുന്ന തെങ്കിൽ ദൈവം ഒരുക്കിയ ഏകരക്ഷാമാർഗ്ഗ മായ കർത്താവായക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങളെ ഏറ്റുപറഞ്ഞ് ദൈവത്തിങ്കലേക്കു തിരിയുക. അതല്ല പാപത്തിൽ തന്നെ ജീവിച്ച് യാതൊരു ലക്ഷ്യവുമില്ലാതെ മരണം വഴി കടന്നുപോയാൽ എത്തുന്നത് നിത്യനരക ന്യായവിധിയിലേക്കായിരിക്കും. നാമെല്ലാ വരും പാപികളായി ജനിക്കുന്നു. പാപികളായി ജീവിക്കുന്നു. പാപത്തിന്റെ ശമ്പളം നിത്യനരക ന്യായവിധിയാകുന്നു. എന്നാൽ പാപികളെ വീണ്ടെടുത്തു രക്ഷിച്ചു മോക്ഷം നല്കുവാൻ ദൈവം ഒരുക്കിയ ഏകരക്ഷാമാർഗ്ഗമാകുന്നു കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്! കൃപ യാലെ ക്രിസ്തുവിൽ വിശ്വസിച്ച് മോക്ഷമാർഗ്ഗ ത്തിലാകുക.

ഇത്രയും വിവരിച്ചത് ഒരു പുതുവത്സര പിറവിക്കായി കാത്തിരിക്കുന്ന പ്രിയ വായന ക്കാരോടു ഒരു പുതുജീവനിലേക്കു പ്രവേശി ക്കാനുള്ള ആഹ്വാനം ചെയ്ക മാത്രമാകുന്നു. ഇന്നലെ കഴിഞ്ഞുപോയി, മരണം നമ്മെ ആക്രമിച്ചില്ല. ഇന്നൊരു ദിവസം മാത്രമേ നമ്മുടെ മുമ്പിലുള്ളൂ. മരണാനന്തര സൗഭാഗ്യ

ജീവിതത്തിനായി ഒരുങ്ങുവാനുള്ള ഏകദിനം ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷാമാർഗ്ഗത്തിനായി കാത്തിരിക്കുക. അങ്ങനെ കാത്തിരിക്കുന്നവർ ദിനംതോറും ''ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ പറന്നുയരും!" കഴുകൻ ഏകദേശം 100 വയസ്സു പ്രായമാകുമ്പോൾ അതിന്റെ തൂവലുകൾ കൊഴിഞ്ഞു വിരൂപമായി പറക്കാൻ പറ്റാത്ത അവസ്ഥയിലാകുന്നു. ആ സമയം അതു കുറേക്കാലം സ്വസ്ഥമായിട്ടിരുന്ന് ശേഷിച്ച തൂവലുകളൊക്കെ കൊത്തിപ്പറിച്ചു കളയും. താമസിയാതെ പുതിയ തൂവലുകൾ വരികയും യൗവനശക്തിയോടെ ആകാശവിതാനങ്ങളിൽ പറന്നുയരുകയും ചെയ്യുന്നു. പ്രകൃതിയിൽ ദൈവം നമുക്കു നല്കുന്ന ഈ മാതൃക നമുക്കനുകരിക്കാം. പ്രായമായി ബാഹ്യശരീരം ക്ഷീണിക്കുമ്പോൾ, ക്രിസ്തുവിലായി, പുതുസൃഷ്ടിയായി നിത്യസന്തോഷത്തിന്നായി കാത്തിരിക്കുന്ന നമ്മുടെ അകത്തെ മനുഷ്യൻ ബലം പ്രാപിച്ച് കഴുകനെപ്പോലെ ചിറകടിച്ചുയരും എന്ന പ്രത്യാശ നമുക്കു എത്ര സന്തോഷമാണ് നല്കുന്നത്. മരണം എന്നത് നിത്യതയിലേക്കുള്ള കവാടം മാത്രമാകുന്നു. എല്ലാ മനുഷ്യരും ഇന്നല്ലെങ്കിൽ നാളെ ആ കവാടം കടന്നേ പറ്റൂ! അതിന്നുശേഷമുള്ള പുത്തൻ ജീവിതം എവിടെ കഴിക്കും എന്ന ഉറപ്പു വരുത്തുവാൻ ദൈവം നല്കിയ ഏക അവസരം 'ഇന്നു' മാത്രമാകുന്നു എന്നോർക്കുക. ഇന്നു തന്നെ ഒരു തീരുമാനമെടുക്കുക.

''ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. ഇനി പാപം വഹിപ്പാനല്ല, തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ രണ്ടാമതും പ്രത്യക്ഷനാകും". പ്രിയമുള്ളവരേ, 2020-ൽ ഒരു പുതിയ തീരുമാനത്തോടുംകൂടെ, പുതുക്കം പ്രാപിച്ചവരായി നിത്യസൗഭാഗ്യത്തിലേക്കൊരുങ്ങി കാത്തിരിപ്പാൻ കർത്താവു നമ്മെ സഹായിക്കട്ടെ! "എല്ലാ വായനക്കാർക്കും എന്റെ പുതുവത്സര ആശംസകൾ".

❑

---

*3-ാം പേജിൽ നിന്നും തുടർച്ച (മതിലുകൾക്കു...)*

തിരുവചനം അനുവദിച്ചിട്ടുള്ള പരിമിതികൾക്കുള്ളിൽ നാം എത്രത്തോളം സ്വതന്ത്രരാണ് എന്നതിനെക്കാൾ മതേതരലോകത്ത് എങ്ങനെ ശോഭിക്കണമെന്നതിനെക്കുറിച്ചാണ് ചർച്ചകൾ നടക്കുന്നത്. മതിലുകൾക്കു പുറത്തേക്ക് എവിടെവരെ പോകാമെന്നതിനെക്കുറിച്ച് സംവാദങ്ങൾ നടത്തുന്നു. അകത്തെ മനുഷ്യന്റെ ശോഷണം അവഗണിച്ചുകൊണ്ട് പുറത്തുള്ളവന്റെ പോഷണത്തിനും പുഷ്ടിക്കും പ്രാധാന്യം നല്കുന്നു! ആത്മീയമൂല്യച്യുതിയെക്കുറിച്ച് അശേഷം ഭാരമില്ലാതെ, ലൗകികമൂല്യങ്ങളെക്കുറിച്ച് ആശങ്കപ്പെടുന്നു! സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ക്രൂരതകളും രാഷ്ട്രീയമാറ്റങ്ങളും നമ്മുടെ ഉറക്കം കെടുത്തുമ്പോഴും ആത്മീയ അധഃപതനം നമ്മെ ബാധിക്കുന്നതേയില്ല!

ആകയാൽ നമ്മുടെ ജീവിതത്തെ തിരുവചനത്തിന്റെ വെളിച്ചത്തിൽ ഒന്നു പരിശോധിച്ചുനോക്കാം. മതിലുകൾക്കു അകത്തുള്ള അവസ്ഥയാണോ മതിലുകൾക്കു പുറമേയുള്ള ശത്രുവാണോ നമ്മെ ഭാരപ്പെടുത്തുന്നത്? ദൈവത്തിന്റെ സർവ്വായുധവർഗ്ഗമാണോ സ്വയം പ്രതിരോധിക്കുന്നതിനും ന്യായീകരിക്കുന്നതിനുമുള്ള ആയുധങ്ങളാണോ നാം കൈവശം വച്ചിരിക്കുന്നത്? ബാഹ്യസൗന്ദര്യമല്ല, ആന്തരികസൗന്ദര്യം എങ്ങനെയുണ്ട്? മനുഷ്യരുടെ മുമ്പാകെയല്ല ദൈവമുമ്പാകെ നാം എങ്ങനെ കാണപ്പെടുന്നു? സഭയിലല്ല, വീട്ടിൽ നാം എങ്ങനെയായിരിക്കുന്നു? പൊതുജീവിതമല്ല, രഹസ്യജീവിതമാണ് ദൈവം വിലയിരുത്തുന്നത്. അതാണ് പരിശോധിക്കപ്പെടുന്നത്. ആകയാൽ തിരുവചനം അനുശാസിക്കുന്ന മതിൽക്കെട്ടുകൾക്കുള്ളിൽ നമുക്കു സുരക്ഷിതരും സ്വതന്ത്രരും ഉല്ലസിക്കുന്നവരുമായിരിക്കാം. ദൈവകൃപ നല്കട്ടെ. ❑

# ക്രിസ്തുവാകുന്ന പാറമേൽ നങ്കൂരമിട്ടവൾ

എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ



**വേ**ദപുസ്തകത്തിൽ യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായം 11-39 വരെയുള്ള വേദഭാഗങ്ങളിൽ നാം ഇപ്രകാരം കാണുന്നു. യേശുവിനെ സ്നേഹിച്ചതും യേശു സ്നേഹിച്ചതുമായ ബെഥാന്യയിലെ ലാസറിന്റെ ഭവനം. എന്നാൽ ആ ഭവനത്തിൽ യേശുവില്ലാതിരുന്ന ചില മണിക്കൂർ അവർ അനുഭവിച്ച വികാരനിർഭരമായ നിമിഷങ്ങളെയാണ് വേദപുസ്തകം നമ്മുടെ മുന്നിൽ തുറന്നുകാട്ടുന്നത്.

യഹൂദാ സഭയുടെ വിലക്കുകൾ വകവയ്ക്കാതെ യേശുവിനെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത കുടുംബത്തിൽ അവശേഷിക്കുന്ന സഹോദരിമാരെ എന്തിനുവേണ്ടിയാണ് ഇപ്രകാരം കണ്ണീർക്കയത്തിലൂടെ കടത്തിവിട്ടതെന്നും 11:4 ലൂടെ വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുന്നു.

യേശുവിന്റെ വിളികേട്ട് അവനെ അനുഗമിക്കുന്ന സഹോദരങ്ങൾ രോഗങ്ങളുടെയും, രോദനങ്ങളുടെയും നീർച്ചുഴിയിൽ കടന്നുപോകുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. ആ ദുർഘടനിമിഷങ്ങളിൽ തങ്ങളെ രക്ഷിക്കുവാനായിട്ട് യേശുവിനോട് നിലവിളിക്കും. എന്നാൽ യേശുവിന്റെ സഹായം വൈകുന്തോറും മനുഷ്യന് രക്ഷപ്പെടുത്താൻ കഴിയാത്ത ആഴങ്ങളിലേക്ക് അവർ താണുകൊണ്ടിരിക്കും. ആ സന്ദർഭങ്ങളിൽ യേശുവിന്റെ സ്നേഹത്തെയും വിശ്വസ്തതയെക്കുറിച്ചും ആശങ്കപ്പെടാറുണ്ട്. അങ്ങനെയുള്ള ദുർഘടവേളകളിൽ എന്തുകൊണ്ട് സഹായമെത്തിക്കാൻ വൈകുന്നുവെന്ന് താൻ സ്നേഹിച്ച ബെഥാന്യയിലെ കുടുംബത്തിലുണ്ടായ അനുഭവത്തിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നു.

യോഹ 11:3 ൽ നിനക്ക് പ്രിയനായവൻ ദീനമായി കിടക്കുന്നുവെന്നറിയിച്ചപ്പോൾ യേശുവിന്റെ മറുപടി ഇപ്രകാരമായിരുന്നു. ഈ രോഗം മരണത്തിനായിട്ടല്ല പ്രത്യുത ദൈവത്തിന്റെ മഹത്ത്വത്തിനും അതിലൂടെ ദൈവപുത്രൻ മഹത്ത്വപ്പെടേണ്ടതിനുമാകുന്നു.

എന്നാൽ പ്രിയസ്നേഹിതൻ മരണത്തിന്റെ താഴ്‌വരയിലായിരുന്നിട്ടും യേശു ലാസറിന്റെ ഭവനത്തിലേക്ക് പോകുവാൻ കൂട്ടാക്കാതെ താൻ ആയിരുന്ന സ്ഥലത്ത് രണ്ടു ദിവസം കൂടി പാർക്കുകയാണു ചെയ്തത്. എന്നാൽ യേശുവന്ന് തങ്ങളുടെ സഹോദരനെ സൗഖ്യമാക്കുമെന്നു കരുതി സഹോദരിമാർ കാത്തിരുന്നു. ലാസർ മരിച്ചു. ബന്ധുമിത്രാദികളെല്ലാമെത്തി. അവർ പ്രതീക്ഷ കൈവിടാതെ യേശുവിനെ നോക്കികൊണ്ടിരുന്നു. പക്ഷേ യേശുമാത്രം വന്നില്ല. താൻ തന്നെ പുനരുത്ഥാനവും ജീവനുമാണെന്ന് ലോകത്തിന്റെ മുമ്പിൽ തെളിയിക്കാനാണ് താൻ സ്നേഹിച്ച ഭവനത്തിലെ പ്രിയപ്പെട്ടവരെ ഇപ്രകാരം കണ്ണീർകയത്തിലൂടെ കടത്തി വിടേണ്ടിവന്നത്.

ദിവസങ്ങൾക്കുശേഷം യേശുവരുന്നുവെന്നു കേട്ടിട്ട് മാർത്ത യേശുവിനെ എതിരേല്പാൻ ചെന്നു(11:20). മറിയയോ സഹോദരന്റെ വേർപാടിന്റെ ദുഃഖത്തിൽ ബന്ധുമിത്രാദികളോടൊപ്പം ഭവനത്തിലായിരുന്നു. 11:21-22 ൽ മാർത്ത യേശുവിനോട് തത്സമയത്ത് യേശു ഇല്ലാത്തതിലുള്ള പരിഭവങ്ങളും വേദനകളും പങ്കിടുന്നതായി കാണുന്നു. ഇങ്ങനെ സംഭാഷിച്ചതിനുശേഷം സഹോദരി മറിയയെ യേശു വന്ന വിവരം രഹസ്യമായി അറിയിക്കുന്നു.

ഇതുകേട്ട മറിയ ഉടനെ എഴുന്നേറ്റ് അവന്റെ അടുക്കൽ വന്നു.

ഈ ഭാഗങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കുന്നത് യേശു നേരിട്ട് ആ ഭവനത്തിലേക്ക് വരുന്നില്ല. പകരം മാർത്ത എതിരേറ്റ സ്ഥലത്തു തന്നെ നില്ക്കുന്നതായി വായിക്കുന്നു. എന്നാൽ മറിയ യേശു നിന്നിടത്തു ചെന്നു ആ തൃപ്പാദങ്ങളിൽ വീണു പൊട്ടിക്കരയുന്നതും അതോടൊപ്പം തന്റെ വേദന കർത്താവിനോട് പറയുന്നതായും കാണാം. അവളോടൊപ്പം വന്ന യഹൂദന്മാരും കരയുന്നതും കാണാം. ഇതു കണ്ടിട്ട് യേശുവിന്റെ ഉള്ളം കലങ്ങി. തുടർന്നു കർത്താവിന്റെ പ്രതികരണം അവനെ വച്ചത് എവിടെയെന്നു ചോദിക്കുന്നു. കർത്താവേ വന്നു കാൺക. തുടർന്നുള്ള ഭാഗങ്ങളിൽ യേശുവിന്റെ അത്ഭുത പ്രവൃത്തി നടക്കുന്നു.

മരിച്ചു ജീർണ്ണിച്ച മനുഷ്യശരീരത്തിന് ജീവൻ നല്കുമ്പോഴാണ് താൻ ദൈവപുത്രനാണെന്ന് ആർക്കും നിഷേധിക്കാൻ സാധ്യമല്ലാത്ത സത്യം ലോകത്തിന്റെ മുമ്പിൽ തെളിയിക്കപ്പെടുന്നത്. ആ മരണവീട്ടിൽ വന്ന് ദുഃഖത്തിൽ പങ്കുചേർന്നവരും അതിന്റെ കർമ്മങ്ങൾ ചെയ്തവരും ലാസറിന്റെ തുടർന്നുള്ള ഉയിർത്തെഴുന്നേല്പിന് സാക്ഷികളാകുന്നതായി കാണാം.

ഈ വേദഭാഗങ്ങളിൽ കണ്ട മറിയയെ ഒന്നു ശ്രദ്ധിച്ചുനോക്കൂ. തന്റെ സഹോദരി അറിയിച്ച പ്രകാരം അവൾ യേശുവിന്നരികെ ചെല്ലുകയും ആ തൃപ്പാദങ്ങളിൽ കിടന്ന് അവളുടെ ഹൃദയവേദന യേശുവിനോടറിയിക്കുകയും ചെയ്യുന്നതായി കാണാം. എന്നാൽ മറിയയ്ക്കറിയാമായിരുന്നു അവൾ ആരുടെയടുത്താണ് ചെന്നതെന്ന്. അവൾ സ്നേഹിക്കയും അവളെ അറിയുകയും ചെയ്യുന്ന യേശുവിന്നരികിലാണെന്നുള്ള ബോദ്ധ്യമാണ് അവളെ യേശുവിന്നരികിലേക്ക് പോകാൻ സഹായിച്ചത്. ആ യേശുവാകുന്ന പാറയിലായിരുന്നു അവൾ നങ്കൂരമുറപ്പിച്ചത്.

പ്രിയ സഹോദരങ്ങളേ, നമ്മുടെ നങ്കൂരം എവിടെയാണ് ഉറപ്പിച്ചിരിക്കുന്നതെന്ന് ശോധന ചെയ്യണം. ലോകത്തിലാണോ ലോകമോഹങ്ങളിലാണോ? അതോ ക്രിസ്തുവാകുന്ന പാറമേലാണോ? വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവേ നോക്കി ഓരോ ദിനവും യാത്ര ചെയ്യാം. നമ്മുടെ നോട്ടം ക്രിസ്തുവാകുന്ന പാറയിൽ തന്നെയായിരിക്കട്ടെ.

ഈ ആത്മീയയാത്രയിൽ കഷ്ടങ്ങളുടെയും വേദനകളുടെയും കദനകടലിൽ ആയിരിക്കുന്ന തന്റെ പ്രിയപ്പെട്ടവരുടെയടുത്തേക്ക് യേശു വരാൻ വൈകുന്നത് അവരിലൂടെ ദൈവം മഹത്ത്വമെടുക്കുവാനും അവരെ നിത്യസന്തോഷത്തിന്റെ തുറമുഖത്തെത്തിക്കുവാനുമാണെന്നറിഞ്ഞിരിക്കണം. അചഞ്ചലമായ വിശ്വാസത്തോടുകൂടി അത്യുന്നതനായ ദൈവത്തെ മുറുകെ പിടിക്കുമ്പോൾ ഈശാനമൂലൻ സൃഷ്ടിക്കുന്ന അന്ധകാരത്തെ പിളർന്ന് അവൻ കടന്നുവന്ന് നമ്മെ രക്ഷിക്കുമെന്നുള്ളതിന്റെ വ്യക്തമായ ചിത്രമാണ് ബെഥാന്യയിലെ ലാസറിന്റെ സഹോദരി മറിയയിലൂടെ നമുക്ക് കാണുവാൻ സാധിക്കുന്നത്.

ഈ നാളുകളിൽ നമുക്കു ചെയ്യുവാൻ കഴിയുന്നത് നാമറിഞ്ഞ നമ്മെയറിഞ്ഞ യേശു കർത്താവിന്റെ തൃപ്പാദത്തിൽ നമ്മുടെ കുറവുകളെ, നാമായിരിക്കുന്ന അവസ്ഥകളെ, നമ്മെത്തന്നെ, സമർപ്പിക്കാം. ഉദ്ധരിപ്പാൻ കഴിവുള്ളവൻ യേശുകർത്താവ്. വിശ്വാസം അന്യമായി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മറിയയെപ്പോലെ യേശുകർത്താവിന്റെ സന്നിധിയിൽ നിലവിളിക്കാം. അതിന് കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. പാട്ടുകാരൻ പാടിയതുപോലെ നമുക്ക് പാടാം.

"നിൻ മനമിളകാതെ നിൻമനം പതറാതെ
നിന്നോടുകൂടെയെന്നും ഞാനുണ്ട് അന്ത്യം വരെ"

കർത്താവ് എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ❑

ഭാവന

# കുഞ്ഞാടിന്റെ കല്യാണം



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

**അ**കലെ അതാ! ഒരു ദീനരോദനം എന്നെ രക്ഷിക്കൂ; ഒരു പെൺകുട്ടിയുടെ നില വിളിയാണല്ലോ കേൾക്കുന്നത്. ഇതാ; ചില വ്യക്തികൾ അവളെ രക്ഷപ്പെടുത്താൻ കടന്നു പോകുന്നു. ന്യായപ്രമാണം, പുണ്യ പ്രവൃത്തി കൾ, കർമ്മമാർഗ്ഗങ്ങൾ, മതങ്ങൾ, തത്ത്വസം ഹിതകൾ അങ്ങനെ പലരും. നിർഭാഗ്യം എന്നു പറയട്ടെ അവർക്കാർക്കും അവളെ രക്ഷിക്കു വാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല രക്ഷിക്കാൻ ചെന്നവരെല്ലാം ആ ചെളിക്കുഴിയിൽ താണു പോയി. വീണ്ടും അവൾ വിലപിക്കുന്നു. എന്നെ ഈ പാപക്കുഴിയിൽ നിന്നും ആര് രക്ഷിക്കും. അവളുടെ കരച്ചിൽ കേട്ടുകൊണ്ട് അതാ! ഒരു ചെറുപ്പക്കാരൻ സമ്പന്നനും കോമളരൂപിയു മായ ഒരു പ്രഭുകുമാരൻ ആ ചെളിക്കുഴിയുടെ അരികിലേക്കു നടന്നടുക്കുന്നു. ആ ചെളിയിൽ താണുകൊണ്ടിരിക്കുന്ന പെൺകുട്ടിയെ കണ്ട പ്പോൾ സ്വന്തജീവൻ തൃണവൽഗണിച്ചുകൊണ്ട് അവൻ ആ കുഴിയിലേക്കിറങ്ങി. ആ കുഴിയിൽ കിടന്ന കുപ്പിച്ചില്ലുകൾ, മുള്ളുകൾ നിമിത്തം അവന്റെ കൈകാലുകളും ശരീരം മുഴുവനും മുറിഞ്ഞു രക്തം ധാരധാരയായി ഒഴുകി എങ്കിലും ആ പെൺകുട്ടിയെ കോരിയെടുത്ത് കരയിലെത്തിച്ചു. തന്റെ ശരീരത്തിൽ നിന്നു ഒഴുകുന്ന രക്തവും വെള്ളവും കൊണ്ട് അവ ളുടെ ശരീരത്തിലെ പാപച്ചെളികൾകഴുകി അവളെ വിശുദ്ധയാക്കി. ഒടുവിൽ ആ യൗവന ക്കാരൻ അവളോടു പറഞ്ഞു ഞാൻ എന്റെ ജീവനെ ഉപേക്ഷിച്ചുകൊണ്ട് നിന്നെ രക്ഷിച്ചത് എന്തിനാണെന്നു നിനക്കു മനസ്സിലായോ? ഞാൻ നിന്നെ വിവാഹം കഴിക്കുവാൻ ആഗ്ര ഹിക്കുന്നു. അപ്പോൾ ആ പെൺകുട്ടി തല താഴ്ത്തി നിന്നുകൊണ്ടു പറഞ്ഞു ഞാൻ ഒരു ദരിദ്ര കുടുംബത്തിലുള്ളവളാണ്, ഞാൻ ഒരു പുറജാതിക്കാരിയാണ്. അങ്ങ് എന്നെ വിവാഹം കഴിക്കുവാനുള്ള യാതൊരു യോഗ്യതയും എനിക്കില്ല; അതിനു ഞാൻ അർഹത യുള്ളവളല്ല. ഉടനെ പരിശുദ്ധാത്മാവെന്ന മോതിരം അച്ചാരമായി അവളുടെ വിരലിന്മേൽ അണിയിച്ചു. നമ്മുടെ വിവാഹനിശ്ചയത്തിന്റെ അടയാളമാണിത്.

നീ ഒരിക്കലും ഭാരപ്പെടരുത്. ഈ ഭൂമി യാകുന്ന നിന്റെ വീട്ടുകാർ നിന്നെ പഴിക്കയും, ദുഷിക്കയും, നിന്ദിക്കയും ഉപദ്രവിക്കയും ഒക്കെ ചെയ്തു എന്നു വരാം. കാരണം എന്റെ ശത്രുവായിരിക്കുന്ന സാത്താൻ എന്ന ഒരുവൻ ഈ നാട്ടിലുണ്ട്. അവൻ ഏതുവിധേനയെ ങ്കിലും നിന്നെ ചതിക്കുവാൻ നോക്കും. നീ അവന്റെ കെണിയിൽ വീഴരുത്. നീ ഹൃദയം കലങ്ങാതെ എനിക്കായി കാത്തിരിക്ക. ഞാൻ എന്നു വരുമെന്ന് തീർച്ച പറയുവാൻ പറ്റുകയില്ല എങ്കിലും എന്റെ വരവ് അടുക്കുമ്പോൾ ചില ലക്ഷണങ്ങൾ നിനക്കു കാണുവാൻ കഴിയും. അപ്പോൾ നീ ഓർക്കണം എന്റെ വരവ് അടു ത്തുവെന്ന്. ഞാൻ പോകുന്നത് നമുക്കു ഒരു മിച്ച് താമസിക്കുവാൻ ഒരു പുതിയ ഭവനം പണിയുവാനാണ്. പണിതീർത്താൽ ഞാൻ ഉടൻ വരും. നീ എനിക്കു വിവരങ്ങൾ എല്ലാം അറിയിക്കുവാൻ കത്തുകൾ അയയ്ക്കണം. പിന്നെ ഒന്ന് ഞാൻ നിനക്കു തന്നിട്ടു പോകാം.

എന്റെ ജീവചരിത്രം മുഴുവനും ഉള്ളതായ ഈ ഡയറി. നീ ഇതു വായിക്കുമ്പോൾ എന്നെ നിന്റെ മുമ്പിൽ കാണുന്നതുപോലെ നിനക്കു അനുഭവപ്പെടും. ദുഃഖവും, ഭാരവും, രോഗവും കൂടുമ്പോൾ ഇത് കൂടുതലായി വായിക്കുക. വചനമെന്ന ഈ ഡയറി വായിക്കുമ്പോൾ നിനക്കു സമാധാനം ലഭിക്കും. 'മകളെ ഇവിടെ കയറിവരിക" എന്ന ശബ്ദം ഞാൻ കേൾപ്പിക്കുമ്പോൾ നീ കടന്നുവരണം. ഇതെല്ലാം അവളോടു പറഞ്ഞശേഷം ആ ചെറുപ്പക്കാരൻ തന്റെ പിതാവിന്റെ ഭവനത്തിലേക്കു മടങ്ങിപ്പോയി.

അവൻ പറഞ്ഞതുപോലെ തന്നെ താമസിയാതെ അവൾക്കു വളരെ പ്രതികൂലങ്ങൾ നേരിട്ടു. അവൾ കണ്ണീരിൽ മുക്കി എഴുതിയ ചില കത്തുകൾ അവനു അയച്ചു. ഒന്നിനും മറുപടിയില്ല. ഒടുവിൽ 21 ലേഖന കത്തുകൾ അവൾ അയച്ചപ്പോൾ ഉടനെ മറുപടി വന്നു. ഞാനിതാ വേഗം വരുന്നു. അവൾക്കു ആശ്വാസമായി. അവൾ കാത്തിരിക്കുവാൻ തുടങ്ങിയിട്ട് ഏകദേശം 2000 വർഷം കഴിഞ്ഞു. അവൻ പറഞ്ഞ ലക്ഷണങ്ങൾ എല്ലാം ചുറ്റിലും കാണുന്നു. ദൈവമക്കളുടെ വിശ്വാസവും, സ്നേഹവും തണുത്ത് ഐസ്കട്ടയ്ക്ക് സമാനമായി തീർന്നിരിക്കുന്നു. അവന്റെ കാലടിശബ്ദം കേൾക്കാൻ സമയമായി. അവൾ നീതിയിൻ വസ്ത്രം ധരിച്ചുകൊണ്ടു മണവാളനെ എതിരേല്പാൻ തയ്യാറായിരിക്കുന്നു. കാഹളനാദം മുഴങ്ങി അവൾ ഇതാ മദ്ധ്യാകാശത്തിലേക്ക് കടന്നുചെന്നു. മണവാളൻ പിതാവിന്റെ ഭവനംവിട്ട് മദ്ധ്യാകാശത്തിലേക്ക് ഇറങ്ങിവന്നു. അവർ രണ്ടുപേരും അവിടെവെച്ചു കണ്ടുമുട്ടി. വിവാഹം സ്വർഗ്ഗത്തിൽവച്ച് നടക്കുകയാണ്. ഇത്രയും ദീർഘമായൊരു വിവാഹം ഇതിനു മുമ്പ് നടന്നിട്ടില്ല. വിവാഹത്തിനും സമ്മാനദാനത്തിനുമായി 7 വർഷമാണുള്ളത്. അവൾ ഭൂമിയിലെ അവളുടെ വീട്ടിൽ വെച്ചു ചെയ്ത സൽപ്രവൃത്തികൾക്കും, അവനുവേണ്ടി സഹിച്ച കഷ്ടതകൾക്കുമായി ധാരാളം പ്രതിഫലങ്ങൾ അവൾക്കു ലഭിക്കുന്നു. മണവാട്ടിയായ അവൾക്ക് തോഴിമാരായി പഴയനിയമവിശുദ്ധന്മാർ അവിടെ സന്നിഹിതരായിട്ടുണ്ട്. അവരുടെ വിവാഹസദ്യയ്ക്കായി ക്ഷണിക്കപ്പെട്ടവരാണ് എത്ര ഉന്നതകുടുംബത്തിലെ വ്യക്തിയാണെങ്കിലും അവളുടെ ഭവനത്തിൽ പോയി പാർക്കേണ്ടത് സാമാന്യമര്യാദയാണ്. ക്രിസ്തു സമ്പന്നനാണെങ്കിലും ദരിദ്രയായ മനുഷ്യവർഗ്ഗത്തിൽ നിന്നും മണവാട്ടിയെ എടുത്തുവെങ്കിലും ഒരു ദിവസത്തിനു സമാനമായ 1000 വർഷം ഈ ഭൂമിയിൽ യെരുശലേം കേന്ദ്രമാക്കി താമസിക്കും. അവർക്കായുള്ള മണിയറ യെരുശലേമിൽ ഇപ്പോൾ തന്നെ ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ആയിരമാണ്ടു വാഴ്ചയ്ക്കുശേഷം അവർ തിരികെ മണവാളന്റെ ഭവനമായ സ്വർഗ്ഗത്തിലേക്കു മടങ്ങിപ്പോകും. എത്രകാലം അവിടെ ആയിരിക്കും എന്നു പറവാൻ കഴിയുകയില്ല. എങ്കിലും താമസിയാതെ തന്നെ മണവാട്ടിയുടെ ഭവനമായ ഭൂമി അതിന്റെ തൂണുകളാകുന്ന കുന്നുകളും പർവ്വതങ്ങളും മേൽത്തട്ടാകുന്ന ആകാശവും ആകാശത്തട്ടിന്മേൽ പിടിപ്പിച്ചിരിക്കുന്ന ലൈറ്റുകളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയും നീക്കിക്കളഞ്ഞ് തീയ്ക്ക് ഇരയാക്കുന്നു. തുടർന്ന് മണവാളന്റെ ഭവനത്തിനു സമാനമായ ഒരു ഭവനം (പുതിയ ആകാശവും പുതിയ ഭൂമിയും) സൃഷ്ടിക്കപ്പെടുന്നു. ആ വീട്ടിൽ അവർക്ക് നിത്യാനന്ദമായിരിക്കും. ഇനി അവളെ ആരും പീഡിപ്പിക്കയില്ല. നിന്ദിക്കയില്ല; കഷ്ടവും, കണ്ണുനീരും ഉണ്ടാവുകയില്ല. അവൾ അവിടെ നിത്യത ക്രിസ്തുവെന്ന രാജാവിന്റെ പട്ടമഹിഷി സ്ഥാനം അലങ്കരിക്കും. അവളുടെ സന്തോഷം അന്നു പൂർണ്ണമാകും. ആ പെൺകുട്ടിയായി മണവാട്ടി സ്ഥാനം അലങ്കരിക്കുവാൻ പോകുന്നവരാണ് നാം ഓരോരുത്തരും. അവന്റെ കാഹളനാദം കേൾക്കുവാൻ സമയമായ്. അതിനായ് നമുക്ക് ഒരുങ്ങാം. ആമേൻ കർത്താവായ യേശുവേ വേഗം വരേണമേ. ❑

# ജഢരക്തങ്ങൾക്കുവേണ്ടി

മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ



**“ഞാൻ** ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നതു ഭോഷ്ക്കല്ല; എനിക്കു വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ടു എന്നു എന്റെ മനസ്സാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു” (റോമ 9:1).

അബ്രഹാമിന്റെ സന്തതിയിൽ ബെന്യാമീൻ ഗോത്രത്തിൽ റോമൻ പട്ടണമായ തർസൊസിൽ ജനിച്ച യഹൂദനും ആ നഗരത്തിൽ വളർന്നു ഗമാലിയേലിന്റെ കാല്ക്കീഴിൽ ഇരുന്നു പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിക്കുകയും ദൈവസേവയിൽ ശുഷ്കാന്തിയോടെ പ്രവർത്തിച്ചവനുമായിരുന്നു ശൗൽ. കർത്താവിന്റെ ശിഷ്യന്മാർക്കെതിരെ പ്രവർത്തിച്ചു വരവേ കർത്താവിനാൽ പിടിക്കപ്പെട്ടപ്പോൾ തന്നെത്തന്നെ സമ്പൂർണ്ണമായി ക്രിസ്തുയേശുവിന്റെ പാദാന്തികയിൽ സമർപ്പിക്കുകയും താൻ എന്തെല്ലാം ജീവിതത്തിൽ വിലയേറിയതായി എണ്ണിയിരുന്നോ അതെല്ലാം ചവറെന്നു എണ്ണിക്കൊണ്ട് പരിശുദ്ധാത്മശക്തിയാൽ മരണത്തെപ്പോലും ഭയപ്പെടാതെ സ്വജാതിക്കാരുടെ മുമ്പിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഉയർത്തിക്കാണിച്ചുകൊണ്ട് നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുതന്നെയാണ് ക്രിസ്തു എന്നു തിരുവെഴുത്തുകളിലൂടെ തെളിയിച്ചു. യഹൂദജനം പൗലൊസിനെതിരെ ഇളകി. അന്നു മുതൽ പലവിധത്തിലുള്ള കഷ്ടതകൾ (2 കൊരി 11:22) അനുഭവിക്കേണ്ടിവന്നുവെങ്കിലും മരണത്തിനോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നും വേർപെടുത്താൻ ആർക്കും കഴികയില്ല എന്നു പ്രസ്താവിച്ചു കഴിയുന്നത്രയും സ്ഥലങ്ങളിൽ കടന്നു പോയി സുവിശേഷത്തിനു സാക്ഷ്യം വഹിച്ചു. അനേകം സഭകൾ രൂപീകരിച്ചു. ഓരോ ദൈവഭക്തനും ആത്മികവളർച്ചയ്ക്കു ആവശ്യമായിരിക്കുന്ന ഭൂതം, ഭാവി, വർത്തമാനകാലത്തേക്കു വേണ്ട ദൂത് പതിനാലു ലേഖനങ്ങളിലായി എഴുതി. കാരാഗൃഹത്തിൽ കിടക്കുമ്പോഴും സഭകളെക്കുറിച്ചുള്ള ചിന്താഭാരത്താൽ എഴുതിയ നാലു ലേഖനങ്ങളും ഇതിൽ ഉൾപ്പെടുന്നു. അന്നും ഇന്നും എന്നും വിലപ്പെട്ട നിധിയായി ആ ലേഖനങ്ങൾ വേദപുസ്തകത്താളുകളിൽ തങ്കലിപികളിൽ എഴുതി സഭകൾക്കു നല്കിയിരിക്കുന്നു.

സ്വജാതിക്കാരുടെ തിരസ്ക്കരണം കണ്ടുകൊണ്ട് ജാതികളിലേക്കു തിരിഞ്ഞ പൗലൊസിനെ ജാതികളുടെ അപ്പൊസ്തലൻ എന്നറിയപ്പെടുന്നു. നല്ലൊരു പ്രസംഗകൻ, തത്ത്വചിന്തകൻ, ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകൻ തനിക്കും മറ്റുള്ളവർക്കും വേണ്ടി സ്വന്ത കൈയാൽ അദ്ധ്വാനിച്ചും എല്ലാവരോടും ആർദ്രതയോടെ പെരുമാറിയും മറ്റുള്ളവരെ നേടേണ്ടതിന് അവരിൽ ഒരാളായിമാറുകയും കർത്താവിന്റെ ധീരഭടനായി പോർക്കളത്തിൽ അടരാടുകയും ചെയ്തു. ഏതൊരു മിഷനറി പ്രവർത്തകനും മാതൃകയാക്കാൻ കഴിയുന്ന വ്യക്തിത്വത്തിനുടമ. ദൈവത്താലും മനുഷ്യരാലും നല്ല സാക്ഷ്യം വഹിച്ചു. എനിക്കു മരിക്കുന്നതു ലാഭം ജീവിക്കുന്നുവെങ്കിൽ ക്രിസ്തുവിനുവേണ്ടി എന്നു ഉറച്ചു പറഞ്ഞു. മൂന്നാം സ്വർഗ്ഗത്തോളം ശരീരത്തോടെയോ അല്ലാതെയോ എടുക്കപ്പെട്ടു. നല്ല പോർ പൊരുതി

ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നുവെന്നു ധൈര്യത്തോടെ പറഞ്ഞുകൊണ്ട് റോമൻ തടവറയിൽ തണുത്തുറഞ്ഞ ദിനരാത്രങ്ങൾ തള്ളിനീക്കുമ്പോഴും പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചെങ്കിലും അകമേയുള്ള മനുഷ്യൻ ബലപ്പെട്ടുകൊണ്ടിരുന്നു. തന്റെ ആകെയുള്ള സമ്പാദ്യമായ ചർമ്മ ലിഖിതങ്ങളും പുതപ്പും കാത്തിരിക്കേത്തന്നെ റോമൻ പടയാളികളുടെ കൈയാൽ ശിരഛേദം ചെയ്യപ്പെട്ടുവെങ്കിലും ആത്മാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. ഈ ധീരപോരാളിക്കു തന്റെ ചാർച്ചക്കാരായ സഹോദരങ്ങളെ ഓർത്തുള്ള ദുഃഖമാണ് മേൽ ഉദ്ധരിണിയിൽ എഴുതിയിരിക്കുന്നത്.

അവർ യിസ്രായേല്യർ, പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും യിസ്രായേല്യർക്കുള്ളതാണെന്ന് താൻ ഒരിക്കൽ ഊറ്റം കൊണ്ടിരുന്നതുപോലെ അറിവില്ലായ്മയിൽ ഊറ്റംകൊള്ളുന്നു. ദൈവത്തിന്റെ നീതിക്കു കീഴ്പെടാതെ ന്യായപ്രമാണത്തിലുള്ള നീതി പ്രവൃത്തിയിലൂടെ നേടിയെടുക്കുവാൻ പരിശ്രമിക്കുന്നു. എന്നാൽ മാനവരാശിയുടെ പാപ പരിഹാരത്തിനായി ക്രൂശിൽ മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ വിശ്വസിച്ചു വീണ്ടും ജനനം പ്രാപിക്കാതെ ആർക്കും സ്വർഗ്ഗത്തിൽ പ്രവേശനമില്ല എന്നു തിരിച്ചറിഞ്ഞപ്പോൾ തന്റെ ജഡരക്തങ്ങൾ നശിച്ചു പോകുമെന്നുള്ള മനോവേദനയാണ് പൗലൊസ് ഇവിടെ പ്രകടിപ്പിക്കുന്നത്. ഇന്നും അവർ സത്യം അറിയാതെ ന്യായപ്രമാണം മുറുകെ പിടിച്ചിരിക്കുന്നു. തന്റെ ജഡപ്രകാരമുള്ള സഹോദരങ്ങൾ കർത്താവിനെ വിശ്വസിച്ചു രക്ഷപ്രാപിച്ചിരുന്നെങ്കിൽ എന്നോർത്തു ഹൃദയത്തിൽ ഇടവിടാതെ നോവു അനുഭവിക്കുന്നു.

പ്രിയ ദൈവമക്കളേ, നാം ഓരോരുത്തരും പൗലൊസിനെപ്പോലെ മനസ്സുള്ളവരായിരിക്കണം. നമ്മുടെ ചാർച്ചക്കാരിൽ പലരും കർത്താവിനെ വിശ്വസിക്കാത്തവർ ഉണ്ടായിരിക്കുമല്ലോ? എന്നാൽ അവർ നശിച്ചു പോകുന്നതിനെക്കുറിച്ച് നാം എത്രത്തോളം വിചാരപ്പെടുന്നവരാണ്? ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിക്കായി ഉയിർത്തെഴുന്നേറ്റു ദൈവ മുമ്പാകെ നില്ക്കേണ്ട ഒരു ദിവസം വരും. കർത്താവു അവരെ ന്യായം വിധിക്കും. തീ കെടാത്തതും പുഴുചാകാത്തതുമായ അന്ധകാരം നിറഞ്ഞ തീപൊയ്കയിലേക്കു തള്ളിയിടും. നിത്യത മുഴുവൻ അവർ കരച്ചിലും പല്ലുകടിയുമായി അവിടെ കഴിയേണ്ടിവരുമല്ലോ എന്ന തിരിച്ചറിവു നമുക്കുണ്ടെങ്കിൽ നമ്മളും പൗലൊസിനെപ്പോലെ ഇടവിടാതെ ദുഃഖിക്കേണ്ടതല്ലേ? നാം വിട്ടുപോന്ന വിഗ്രഹങ്ങളെ അവർ സേവിച്ചുകൊണ്ട് നിത്യനാശത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു എന്നുനാം മറന്നുപോകരുത്. മരണശേഷം ഇഴജാതി, പക്ഷി, നാല്ക്കാലി, എന്നിവയായി പുനർജനിക്കുമെന്ന മിഥ്യാ ബോധത്താൽ അതിനെ ആരാധിക്കുകയും സത്യം അറിഞ്ഞു സത്യത്തിൽ ജീവിക്കുന്നവരെ കാണുമ്പോൾ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരോടു നമുക്കു പറയാനുള്ളത്, ഈ അല്പകാലജീവിതത്തിനുവേണ്ടി നിത്യത നഷ്ടപ്പെടുത്തുന്നവരേ, ഞങ്ങൾക്കു നിങ്ങളെ ഓർത്തു കരയുവാനല്ലാതെ മറ്റെന്തു ചെയ്യുവാൻ കഴിയും? നിങ്ങളുടെ കുരുട്ടുകണ്ണുകൾ ദൈവം തുറക്കുമാറാകട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

യിസ്രായേലിന്റെ പിന്മാറ്റത്തെക്കണ്ടു കണ്ണുനീരിന്റെ പ്രവാചകനായ യിരെമ്യാവ് യിസ്രായേൽ ജനത്തെനോക്കി അയ്യോ എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർ നിമിത്തം രാവും പകലും കരയേണ്ടതിനു എന്റെ തല വെള്ളവും എന്റെ കണ്ണു കണ്ണുനീർ ഉറവയും ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു പറഞ്ഞതുപോലെ ഇടവിടാതെ നമ്മുടെ ചാർച്ചക്കാർക്കുവേണ്ടി, നമ്മുടെ ദേശത്തിനുവേണ്ടി, നമ്മുടെ രാജ്യത്തിനുവേണ്ടി, നമ്മുടെ ഭരണകർത്താക്കൾക്കുവേണ്ടി കരയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലോകത്ത് ദൈവഭയം ഇല്ലാതെ ഭോഗപ്രിയരായി ജനം നശിച്ചുകൊണ്ടിരിക്കുന്നു. സമൂഹമാധ്യമങ്ങളി

*ശേഷം 14-ാം പേജിൽ*

# വേനലിനുശേഷം വസന്തം



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

വെയിൽ ആറിത്തുടങ്ങി. അടുത്തുള്ള പ്രൈമറി സ്കൂളിൽനിന്നും കൂട്ടമണിയുടെ ശബ്ദമുയർന്നു. കുട്ടികൾ സ്ലേറ്റും പുസ്തകവുമായി ഓടിയിറങ്ങുന്നു, ഒരു ദിവസത്തെ പഠനം കഴിഞ്ഞ്. പട്ടണത്തിലേക്ക് കൃഷിവിഭവങ്ങളുമായി പോയ കാളവണ്ടി മെല്ലെ മടങ്ങി വരുന്നുണ്ട്. പലചരക്ക് സാധനങ്ങൾ കുറെ വണ്ടിയിൽ കയറ്റിയിട്ടുണ്ട്. വണ്ടിക്കാരൻ മാത്തുക്കുട്ടി വണ്ടിയുടെ വേഗത്തിനൊത്ത് ഒരു പാട്ടിന്റെ ഈരടി പാടുന്നത് കേൾക്കാം:

''മഹാത്ഭുതമെ കാൽവറിയിൽ കാണുന്ന സ്നേഹം
മഹോന്നതൻ വഹിച്ചിടുന്നു ലോകത്തിൻ പാപം
സർവ്വലോകത്തിൻ ശാപം"

അന്നത്തെ പകൽ അല്പം തിരക്കുള്ളതായിരുന്നു. ഉച്ചവരെ കപ്പയ്ക്കു വളമിടുകയും കിളയ്ക്കുകയും ചെയ്തു. ഭക്ഷണം കഴിഞ്ഞ് ഒന്നു മയങ്ങി. ചൂടുകൊണ്ട് സമയം പോയതറിഞ്ഞില്ല. നാലുമണിയായപ്പോൾ ഭാര്യ കൊണ്ടുത്തന്ന ഒരു ഗ്ലാസ് കട്ടൻകാപ്പിയും കുടിച്ചുകൊണ്ട് ഞാൻ ഉമ്മറത്ത് വന്നിരുന്നു. രാവിലെ വന്ന പത്രം അലസമായി ഒന്നുകൂടി തിരിച്ചും മറിച്ചും നോക്കി.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

പരിചയമില്ലാതെ ഒരു ചെറുപ്പക്കാരൻ പരിചയം നടിച്ച് മുറ്റത്തുനിന്നുകൊണ്ട് മുരടനക്കി. ഞാൻ സൂക്ഷിച്ചുനോക്കി. പുകവലിക്കാരനാണല്ലോ. ചുണ്ടുകൾ അത് വിളിച്ചറിയിക്കുന്നുണ്ട്. ചുമയ്ക്കുന്നതു കേട്ടപ്പോൾ പുക ശ്വാസകോശത്തെയും ബാധിച്ചിട്ടുണ്ടെന്ന് മനസ്സിലായി.

''എന്നെ പരിചയമില്ലേ? ഞാൻ സെൻട്രൽ ജയിലിലായിരുന്നു. 5 വർഷം തികഞ്ഞ് കഴിഞ്ഞയാഴ്ച റിലീസായി. സാറവിടെ പല പ്രാവശ്യം പ്രസംഗിച്ചത് ഞാൻ കേട്ടു. പലടത്തും പണിക്കുനോക്കി. ആരും എന്നെ വിശ്വസിക്കയില്ല, സ്നേഹിക്കയില്ല. വീട്ടിലും വേണ്ട നാട്ടിലും വേണ്ട. എന്തിനിനി ജീവിക്കുന്നു. ഞാൻ മടുത്തു, വഴിമുട്ടി. ശരീരത്തിന് ബലമില്ല, മനസ്സിന് അത്രപോലുമില്ല. ജീവിതം പുതുക്കാനുള്ള വഴിതേടി വന്നതാണ്. രണ്ടു വർഷംമുമ്പ് സാറ് ഒപ്പിട്ടുതന്ന ബൈബിൾ കൈയ്യിലുണ്ട്. 2 വർഷം കൊണ്ട് 4 ആവർത്തി വായിച്ചു". പുസ്തകം നോക്കിയപ്പോൾ എന്റെ കൈയ്യൊപ്പു കണ്ടു. ഞാൻ തിരിച്ചറിഞ്ഞു. ചെറുപ്പക്കാരനെ സൂക്ഷിച്ചുനോക്കി. ഷർട്ടും മുണ്ടും കീറിത്തുടങ്ങി. എങ്കിലും വെടിപ്പുള്ളതാണ്. മുടി ക്രാപ്പു ചെയ്തിട്ടുണ്ട്. ഷേവ് ചെയ്തിട്ട് രണ്ടാഴ്ചയായിക്കാണും. കട്ടിയുള്ള ചില്ലുകളുള്ള കണ്ണടയുണ്ട്. കാഴ്ച കുറവാണെന്നു സാരം. ഇരിക്കുവാൻ ഞാൻ പറഞ്ഞു. നിന്നോളാം എന്ന മറുപടിയും കിട്ടി.

"മുഖം ഞാൻ ഓർക്കുന്നില്ല. പലരെ കാണുന്നതല്ലേ. നമുക്കല്പം സംസാരിക്കാം" ഭാര്യ കൊണ്ടുവന്ന കാപ്പി ചെറുപ്പക്കാരൻ താല്പര്യത്തോടെ വാങ്ങിക്കുടിച്ചു.

ജീവിതത്തിലാദ്യമായി അപ്പന്റെ പുകയിലപ്പൊതിയിൽ നിന്നും 25 പൈസ മോഷ്ടിച്ചുകൊണ്ട് പത്താമത്തെ വയസ്സിലാരം

ഭിച്ച മോഷണമെന്ന തൊഴിലിൽ 20 വർഷം കൊണ്ട് നേടിയതും നഷ്ടമാക്കിയതും കടന്നുപോയ അനുഭവങ്ങളുമെല്ലാം ഒരുമണിക്കൂർകൊണ്ട് വിശദീകരിച്ചു. പോക്കറ്റടിയിലൂടെ ഭാവി പണിയുവാൻ പ്രതീക്ഷിച്ച ചെറുപ്പക്കാരന് നാട്ടുകാരുടെയും പോലീസിന്റെയും മർദ്ദനത്തിൽ നിന്നുണ്ടായ ആരോഗ്യനഷ്ടത്തെക്കുറിച്ചും വളരെ പറയുവാനുണ്ടായിരുന്നു. നിയമത്തിന്റെ നൂലാമാലകൾ, കോടതി, പോലീസ് നടപടിക്രമങ്ങൾ എല്ലാം തന്മയത്വമായി പറഞ്ഞവതരിപ്പിച്ചു. ഞാൻ മൂളിക്കേട്ടു. എത്രമാത്രം ശരിയുണ്ടോ എന്ന് ഉള്ളിൽ സംശയിച്ചു: (സാധാരണയായി മോഷണക്കേസിൽപ്പെട്ടവർ പറയുന്നതിൽ സത്യം എത്ര ശതമാനമുണ്ടെന്ന് ഊഹിക്കാൻപോലും പ്രയാസമാണ്) ഇതിനിടയിൽ വീടും സ്ഥലവും മേൽവിലാസവുമെല്ലാം ഞാൻ ചോദിച്ചറിഞ്ഞു. സുറിയാനി ക്രിസ്ത്യാനി കുടുംബത്തിലാണ് ജനിച്ചതെന്നും ചെറുപ്പത്തിൽ സണ്ടേസ്കൂളിൽ പഠിച്ചതുമെല്ലാം പറഞ്ഞറിയിച്ചു.

"പീലിക്കുഞ്ഞ് ഒരു കാര്യം ചെയ്യണം. വീട്ടിൽ പോകണം. അപ്പനെക്കണ്ട് കാര്യങ്ങളെല്ലാം പറഞ്ഞ് ക്ഷമചോദിക്കണം. പള്ളിയിലെ അച്ചനെക്കണ്ട് ഒരു ശുപാർശക്കത്ത് വാങ്ങണം. സ്ഥലത്തെ എസ്. ഐ.യുടെ കൈയ്യിൽ നിന്നു കേസുകളൊന്നും തന്റെ പേരിൽ നിലവിലില്ലെന്ന് സർട്ടിഫിക്കറ്റും വാങ്ങിക്കൊണ്ട് ഒരാഴ്ചയ്ക്കകം വരണം. ഞാൻ നോക്കട്ടെ എന്ത് ചെയ്യാൻ കഴിയുമെന്ന്" എന്നു പറഞ്ഞു. മുഖം വാടുന്നത് ഞാൻ കണ്ടു. എങ്കിലും നേരിയ പ്രതീക്ഷയോടെ, ശരി സാറെ ഇറങ്ങട്ടെ എന്നു പറഞ്ഞു നടന്നു. രണ്ടടി വെച്ചതിനുശേഷം തിരിച്ചുവന്ന് "കൊച്ചമ്മേ, കാപ്പിക്കു പ്രത്യേകം നന്ദി" എന്നു പറഞ്ഞശേഷം നടന്നകന്നു.

എന്റെ മുഖം മ്ലാനമായി. മനസ്സ് മൂകമായി. പറഞ്ഞതെല്ലാം ശരിയായിരിക്കുമോ, വിശ്വസിക്കാൻ കഴിയുമോ? പ്രവർത്തന മണ്ഡലം തെക്കൻ തിരുവിതാംകൂറിൽ നിന്നും മദ്ധ്യകേരളത്തിലേക്ക് മാറ്റുവാനുള്ള അടവായിരിക്കുമോ? ഗുണം വരാനുള്ളതാണെങ്കിൽ മടങ്ങിവരുമെന്ന് ഞാൻ സ്വയമെ ആശ്വസിച്ചു.

"നിങ്ങൾ ആ ചെറുപ്പക്കാരനെ ശ്രദ്ധിച്ചോ?" ഭാര്യയാണ്, അടുക്കളയിൽ നിന്നും. "സംസാരിക്കുമ്പോൾ താടിയെല്ലുകൾ ഇളകുന്നുണ്ടായിരുന്നു. പല്ലുകൾ ചിലതില്ല. നടക്കുന്നത് വളരെ പതുക്കെയാണ്. കണ്ണിന്റെ കാഴ്ചയും കുറഞ്ഞിട്ടുണ്ട്. കേൾവിയും കുറവാണ്. ചെവിക്കകത്ത് പഞ്ഞി വച്ചിട്ടുണ്ട്. തകർന്നുപോയ ഒരു മനുഷ്യനാണ്. മുറിവേറ്റ വ്യക്തിത്വമാണ്. മടങ്ങിവന്നാൽ നാം വളരെ കരുതലോടും സ്നേഹത്തോടും കൈകാര്യം ചെയ്യണം.".

"പോക്കറ്റടി സമയത്ത് നാട്ടുകാരു പിടിച്ചാൽ ദാരിദ്രമില്ലാതെ നല്ല തല്ല് സ്ഥാനം നോക്കിയും അല്ലാതെയും കൊടുക്കും. പല്ലുപോയത് തല്ലുകൊണ്ടായിരിക്കും. കരണത്തടി കൊണ്ടാൽ ചെവിക്ക് വേദനയുണ്ടാകും. കേൾവിയും കുറയും. കേസ് തെളിയിക്കുവാൻ പോലീസ് ചിലപ്പോൾ ചൂരലുകൊണ്ട് കാലിന്റെ വെള്ള അടിച്ചുപൊട്ടിച്ചുകാണും. നടക്കാനതാണ് പ്രയാസമെന്നു തോന്നുന്നു". ദീർഘനിശ്വാസത്തോടെ ഞാൻ പറഞ്ഞു.

പപ്പാ എന്താ വറീഡായിട്ട് നടക്കുന്നതെന്നു ചോദിച്ചുകൊണ്ടാണ് മൂത്തമകൻ സ്കൂളിൽ നിന്നും വന്നുകയറിയത്. വീട്ടിലെ ടെമ്പറേച്ചറിന് വല്ല വ്യത്യാസവുമുണ്ടോ എന്നറിയുവാൻ അവൻ അടുക്കളയിൽ ചെന്ന് മമ്മിയോടു കാര്യം തിരക്കി. "പപ്പാ ഭാരപ്പെടേണ്ടല്ലോ. അവൻ അവന്റെ പണി നോക്കട്ടെ നമുക്കെന്താ?" ഹൈസ്കൂളിൽ പത്താംതരത്തിൽ കയറിയവന്റെ തത്വശാസ്ത്രമാണത്. വൈകിട്ടത്തെ കുടുംബപ്രാർത്ഥനയിൽ പീലിക്കുഞ്ഞിനെ പ്രത്യേകം ഓർത്ത് പ്രാർത്ഥിച്ചു. "ദൈവമേ, തകർന്ന ശരീരവും മുറിവേറ്റ വ്യക്തിത്വവും നുറുങ്ങിയ ഹൃദയവുമാണല്ലോ അവന്റേത്. നിരാശമൂത്ത് അവൻ പക്ഷേ ആത്മഹത്യ ചെയ്തേക്കും. നീ കൂടെയിരിക്കണമേ" എന്ന് ഞങ്ങൾ പ്രാർത്ഥിച്ചവസാനിപ്പിച്ചു.

അഞ്ചാം ദിവസം രാവിലെ പീലിക്കുഞ്ഞ് വന്നു. വൃദ്ധനായ അപ്പനോട് ക്ഷമ പറഞ്ഞു. പള്ളിയിലെ പട്ടക്കാരനെ കണ്ട്

ശുപാർശ അടങ്ങിയ സർട്ടിഫിക്കറ്റ് വാങ്ങി. കത്തിന്റെ സാരാംശം അവസാന ഖണ്ഡിക യാണ്. “ആള് വളരെ പിശകാണ്, സൂക്ഷി ക്കണം” പ്രതീക്ഷിച്ച സർട്ടിഫിക്കറ്റ് എസ്. ഐ. യിൽ നിന്നും കിട്ടിയില്ല. (അങ്ങനെ കൊടു ക്കാൻ വകുപ്പില്ലത്രേ) സ്ഥലത്തെ മജിസ്ട്രേറ്റ് സർട്ടിഫിക്കറ്റ് തന്നു. പോലീസിനെ ഭയന്ന് ഞാൻ ആരെയും കാണുവാൻ പോയില്ല. സംശയം പറഞ്ഞ് കസ്റ്റഡിയിലെടുക്കും. ജയി ലിൽ നിന്ന് ആരു വന്നാലും ചെയ്യുന്നതു പോലെ ആദ്യമായി ഞാൻ സ്ഥലത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടറെ പോയി ക്കണ്ടു. പീലിക്കുഞ്ഞിനെ എന്റെ കൂടെ നിർത്തു കയാണെന്നു പറഞ്ഞ് എഴുതിക്കൊടുത്തു. ഒരു ഡോക്ടറെ പോയി കൺസൾട്ടു ചെയ്തു. ശരീ രത്തിനു കിട്ടിയ മർദ്ദനത്തിൽ നിന്നുണ്ടായ ഭവി ഷ്യത്തുകളെക്കുറിച്ചും ഉണ്ടാകാവുന്ന പ്രതിക രണങ്ങളെക്കുറിച്ചും അദ്ദേഹം എന്നോടു പറ ഞ്ഞു. പീലിക്കുഞ്ഞ് മനസ്സിലാക്കാതിരിക്കു വാൻ better avoid (തഴയുകയാ ഭേദം) എന്ന് ഉപദേശിച്ചു. രണ്ടു വർഷമെങ്കിലും ശാരീരികാ ദ്ധ്വാനം പാടില്ല എന്നും പറഞ്ഞു.

ഞാൻ പീലിക്കുഞ്ഞിനെ ഞങ്ങളുടെ ബൈബിൾ കോളജിലേക്ക് കൊണ്ടുപോയി, വിദ്യാർത്ഥികളുമായി പരിചയപ്പെടുത്തി. അന്നു വൈകിട്ട് വിദ്യാർത്ഥികളായ ബാബുവും ദാനി യേലും അവനെ കർത്താവിങ്കലേക്ക് നടത്തി. പീലിക്കുഞ്ഞ് ഇന്ന് സന്തോഷവാനാണ്. വേദ പുസ്തകം പഠിക്കുന്നു, ചികിത്സയിലാണ്. ജയി ലിൽപോയി യേശുക്രിസ്തുവിനെക്കുറിച്ച് പ്രസംഗിക്കണമെന്നാണാഗ്രഹം.

സ്നേഹിതാ, പിശാച് നിന്നെ വഞ്ചി ക്കും, ശാരീരികമായി തകർക്കും. മാനസിക മായി മുറിവേല്പിക്കും. വ്യക്തിത്വത്തെ നശി പ്പിക്കും. എന്നാൽ യേശുക്രിസ്തു നിന്നെ സ്നേഹിക്കുന്നു. പിശാചിനോടും അവന്റെ കളിക്കോപ്പുകളായ പാപത്തോടും യാത്രപ റഞ്ഞ് ക്രിസ്തുവിന്റെ പക്ഷത്തുവരിക. ഒരു ശോഭന ഭാവി നിന്നെ കാത്തിരിക്കുന്നു. ഹൃദ യവാതിൽ മുട്ടുന്നവന്റെ ശബ്ദം കേൾക്കുക. തുറന്നു കൊടുക്കുക. അവൻ നിന്റെ ഉള്ളി ലേക്കു വരും. ❑

---

*11-ാം പേജിൽ നിന്നും തുടർച്ച (ജഡരക്തങ്ങൾക്കു വേണ്ടി)*

ലൂടെ കേൾക്കുന്ന വാർത്തകൾ മനുഷ്യരെ ഭയ പ്പെടുത്തുന്ന രീതിയിലായിരിക്കുന്നു. അതു കണ്ടും കേട്ടും അടുത്ത ദിവസങ്ങളിൽ അതു പോലുള്ള സംഭവങ്ങൾ ആവർത്തിച്ചു കൊണ്ടി രിക്കുന്നു. ദൈവജനം ഉണർന്നു പ്രവർത്തി ക്കട്ടെ. നമ്മുടെ യൗവ്വനക്കാർ ദൈവം നമുക്കു നല്കിയിരിക്കുന്ന സാങ്കേതിക വിദ്യകളും ഡിജിറ്റൽ മാധ്യമങ്ങളും കർത്താവിന്റെ സുവി ശേഷ ഘോഷണത്തിനായി ഉപയോഗിക്കട്ടെ. നമ്മുടെ വരും തലമുറകൾ മാധ്യമങ്ങൾ ദുരു പയോഗം ചെയ്യാതെ ദൈവനാമമഹത്ത്വത്തി നായി എങ്ങനെയെല്ലാം പ്രവർത്തിക്കുവാൻ സാധിക്കുമോ അങ്ങനെയെല്ലാം ഉപയോഗി ക്കട്ടെ. അപ്രകാരം കർത്താവിന്റെ സുവിശേഷം എത്താത്ത സ്ഥലങ്ങളിലുള്ള ജനങ്ങളിലേക്ക് എത്തുമാറാകട്ടെ. മറ്റൊരുത്തനിലും രക്ഷയില്ല. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനു ഷ്യരുടെ ഇടയിൽ യേശു എന്ന നാമമല്ലാതെ വേറൊരു നാമവും ഇല്ല എന്നു ലോകം അറി യട്ടെ. ദൈവത്തിനും ജനത്തിനും ഇടിവിൽ നിന്ന് മോശെ ജനത്തിനുവേണ്ടി കരഞ്ഞ പേക്ഷിച്ചതുപോലെ ദൈവമക്കൾ ആയിരി ക്കുന്ന നമുക്കുള്ള കർത്തവ്യം നാം മറന്നു പോകരുത്. ഇത് നമ്മുടെ ഉത്തരവാദിത്വം എന്നു മനസ്സിലാക്കണം. സാത്താൻ അധിക കാലമില്ല എന്നറിഞ്ഞു സർവ്വശക്തിയോടെ വൃതന്മാരെപ്പോലും വീഴ്ത്തുവാൻ അലറുന്ന സിംഹംപോലെ ഓടിനടക്കുന്നു. ജനത്തെ രക്ഷിപ്പാൻ പ്രാർത്ഥനയാകുന്ന ധൂപകലശവു മായി ദൈവമക്കളായ നമുക്കു ദൈവസന്നിധി യിലേക്കു ചെല്ലാം. അതിനായി കർത്താവു നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

“എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നതു സന്ധ്യായാഗമായും തീരട്ടെ” (സങ്കീ. 141:2) ആമേൻ. ❑

# “നല്ല ഭടനായി കഷ്ടം സഹിക്കുക”



ജോർജ് ജോൺ, തിരുവനന്തപുരം

**വി**ശുദ്ധവേദപുസ്തകത്തിൽ പലയിടത്തും ക്രിസ്തീയ ജീവിതത്തെ ഒരു പടയാളിയുടെ ജീവിതവുമായി താരതമ്യപ്പെടുത്തിയിട്ടുണ്ട്. “ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക” എന്ന് പൗലൊസ് അപ്പൊസ്തലൻ തിമൊഥെയോസിനോട് പറയുന്നതായി 2 തിമൊ. 2:3 ൽ നാം വായിക്കുന്നു. എഫെ. 6:11 ൽ “പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ” എന്ന് പൗലൊസ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നുണ്ട്. ഒരു വിശ്വാസി ക്രിസ്തുയേശുവിന്റെ പടയാളിയാണെന്നും മേല്പറഞ്ഞ പടയാളി അന്ധകാര ശക്തികളോടുള്ള നിരന്തരമായ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കയാണെന്നും തുടർന്നുള്ള വാക്യങ്ങളിൽ നിന്നും മനസ്സിലാക്കാം.

ഏതൊരു പടയാളിയുടെയും ജീവിതം ഒരു സാധാരണക്കാരന്റെ ജീവിതത്തിൽ നിന്നും തുലോം വിഭിന്നമാണ്. സാത്താന് വളരെ സംഘടിതമായ ഒരു പടക്കൂട്ടം ഉണ്ടെന്നു മാത്രമല്ല, സാത്താന്റെ പടയാളികൾ അവന്റെ ആജ്ഞ അക്ഷരംപ്രതി അനുസരിക്കുന്നവരുമാണ്. ഇപ്രകാരമുള്ള ഒരു പടക്കൂട്ടത്തോട് പൊരുതണമെങ്കിൽ കർത്താവിന്റെ പടയാളികൾ ഏറ്റവും സംഘടിതരും തികഞ്ഞ അച്ചടക്കം ഉള്ളവരും നിയമങ്ങൾ വള്ളിപുള്ളി വ്യത്യാസമില്ലാതെ പാലിക്കുന്നവരും ആയിരിക്കേണ്ടതാണ്.

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു പടക്കൂട്ടത്തെക്കുറിച്ച് ന്യായാധിപന്മാരുടെ പുസ്തകം ഏഴാം അദ്ധ്യായത്തിൽ നാം വായിക്കുന്നു (ന്യായാ. 7:2-8).

ദൈവത്തോടുള്ള മറുതലിപ്പിന്റെ ശിക്ഷയായി യിസ്രായേൽ ജനത മിദ്യാന്യരാൽ അതികഠിനമായി പീഡിപ്പിക്കപ്പെട്ടിരുന്ന ഒരു കാലയളവിലാണ് മേല്പറഞ്ഞ സംഭവം നടക്കുന്നത്. ശത്രുക്കളുടെ നിരന്തരമായ ആക്രമണങ്ങളിലൂടെ അവരുടെ കൃഷിസ്ഥലങ്ങൾ കൈയടക്കപ്പെടുകയും കന്നുകാലികൾ, കാർഷികവിഭവങ്ങൾ മുതലായവ അപഹരിക്കപ്പെടുകയും യിസ്രായേൽമക്കൾ പ്രാണരക്ഷാർത്ഥം കുന്നുകളുടെയും പാറകളുടെയും ഗഹ്വരങ്ങളിലും ഗുഹകളിലും പള്ളക്കാടുകളിലും അഭയം തേടുകയും ചെയ്തിരുന്ന സാഹചര്യത്തിൽ അവർ യഹോവയായ ദൈവത്തോട് വിളിച്ചപേക്ഷിക്കുകയും മഹാദയാലുവായ ദൈവം അവരുടെ വിടുതലിനായി ഗിദെയോൻ എന്നൊരുവനെ എഴുന്നേല്പിക്കയും ചെയ്തു. ഒരു വെറും സാധാരണക്കാരനായിരുന്ന ഗിദെയോനെ “അല്ലയോ പരാക്രമശാലിയേ” (ന്യായാ. 6:12) എന്ന് അഭിസംബോധന ചെയ്താണ് യഹോവയുടെ ദൂതൻ ധൈര്യപ്പെടുത്തുന്നത്. മിദ്യാന്യരുടെ അതിവിപുലമായ സൈന്യത്തെ എതിർത്തു തോല്പിക്കുന്നതിന് ഏതാണ്ട് മുപ്പത്തീരായിരം പേരടങ്ങിയ ഒരു സൈന്യത്തെ സജ്ജമാക്കുന്നതിന് ഗിദെയോനു സാധിച്ചെങ്കിലും കേവലം മുന്നൂറു പേരടങ്ങിയ ഒരു പടക്കൂട്ടത്തെയാണ് ദൈവം തിരഞ്ഞെടുത്തത്. ചില പ്രത്യേക മാനദണ്ഡങ്ങൾ അനുസരിച്ചാണ് ദൈവം ഇവരെ വേർതിരിച്ചത്. പ്രസ്തുത മാനദണ്ഡങ്ങൾ കർത്താവിന്റെ പടയാളികളായ നമുക്കും ബാധകമാണെന്ന് നിസ്സംശയം പറയാം.

1. ദൈവം തിരഞ്ഞെടുത്ത പടയാളികൾ ദൈവാശ്രയം ഉള്ളവരായിരിക്കണം. അവർ സ്വന്തബലത്തിൽ ആശ്രയിക്കുന്നവരായിരിക്കരുത്. "..... നിന്നോടുകൂടെയുള്ള ജനം അധികമാകുന്നു. എന്റെ കൈ എന്നെ രക്ഷിച്ചു എന്ന് യിസ്രായേൽ എന്റെ നേരെ വമ്പു പറയാതിരിക്കേണ്ടതിന്" മുപ്പത്തീരായിരം പേരടങ്ങിയിരുന്ന സൈന്യത്തിൽ നിന്നും ഇരുപത്തീരായിരം പേരെ ഒഴിവാക്കിയതായി നാം വായിക്കുന്നു (ന്യായാ 7:2). അവർ ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം സൈന്യബലത്തിലാണ് തങ്ങളുടെ ആശ്രയം വച്ചിരുന്നത്.

2. പടയാളികൾ ധൈര്യശാലികളായിരിക്കണം. ഒഴിവാക്കപ്പെട്ട ഇരുപത്തീരായിരം പേർ "ഭയവും ഭീരുത്വവും" ഉള്ളവരായിരുന്നെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ധൈര്യശാലികളായ പടയാളികളെയാണ് ദൈവത്തിനാവശ്യം. 'ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത് (2 തിമൊ. 1:7). ഭയമുണ്ടാകുന്നത് മനുഷ്യസഹജമാണ്. എന്നാൽ ആ ഭയം നമ്മെ കീഴ്പ്പെടുത്താൻ പാടില്ല.

3. പടയാളികൾ പരീക്ഷകളിൽകൂടി കടന്നുപോകേണ്ടിവരും. ഗിദെയോന്റെ പടയാളികളുടെ യോഗ്യത നിർണ്ണയിക്കുന്നതിനു വേണ്ടി, ശേഷിച്ച പടയാളികളെ ഒരു പരീക്ഷയിൽകൂടി കടത്തിവിട്ടു. വെള്ളമുള്ള ഒരു സ്ഥലത്തേക്ക് അവരെ കൊണ്ടുപോകയും താന്താന്റെ ഇഷ്ടമനുസരിച്ച് വെള്ളം കുടിക്കാൻ അവരെ അനുവദിക്കുകയും ചെയ്തു. പരീക്ഷകളിൽ കൂടി കടന്നു പോകുമ്പോൾ വ്യത്യസ്തമായ രീതികളിൽ പ്രതികരിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടെങ്കിലും വിജയത്തിനുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തവർക്ക് പരാജയം സംഭവിക്കുമെന്നുള്ളതിൽ സംശയമില്ല. ഗിദെയോന്റെ പടയാളികളിൽ ബഹുഭൂരിപക്ഷത്തിനും ഇതുതന്നെയാണ് സംഭവിച്ചത് (ന്യായാ. 7:5-7).

4. പടയാളികൾ എല്ലായ്പ്പോഴും ജാഗ്രതയുള്ളവരായിരിക്കണം. ഗിദെയോന്റെ പടയാളികളിൽ ബഹുഭൂരിപക്ഷവും മുട്ടുകുത്തികുനിഞ്ഞ് വെള്ളം കുടിച്ചു എന്നാണ് നാം വായിക്കുന്നത്. എന്നാൽ കേവലം മുന്നൂറു പേർമാത്രം വെള്ളം കൈകളിൽ കോരിയെടുത്ത് നക്കിക്കുടിച്ചതായി കാണുന്നു. അവർ നിന്നുകൊണ്ടാണ് കുടിച്ചത്. ആയതിനാൽ അവർക്ക് വെള്ളം കുടിക്കുമ്പോഴും ജാഗ്രത പാലിക്കാൻ സാധിച്ചു. ഈ മുന്നൂറുപേരെയാണ് പടപൊരുതുന്നതിനു വേണ്ടി തിരഞ്ഞെടുത്തത്. കർത്താവിന്റെ പടയാളികളായ നാം എല്ലായ്പ്പോഴും ജാഗ്രത പാലിക്കേണ്ടവരാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

5. പടയാളികൾ അവസാനം വരെ യുദ്ധം ചെയ്യേണ്ടവരാണ്. അവസാനംവരെ എന്നുപറഞ്ഞാൽ, ഒന്നുകിൽ ശത്രുവിനെ പൂർണ്ണമായി പരാജയപ്പെടുത്തി വിജയം കൈവരിക്കുന്നതുവരെയോ അല്ലെങ്കിൽ തങ്ങളുടെ മരണം സംഭവിക്കുന്നതുവരെയോ എന്നാണർത്ഥം. കർത്താവിന്റെ പടയാളികളായ നാം ഇഹലോകജീവിതത്തിന്റെ അന്ത്യം വരെയും ശത്രുവിനോടു പൊരുതിക്കൊണ്ടിരിക്കണം. "മരണപര്യന്തം വിശ്വസ്തനായിരിക്ക. എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും" (വെളി. 21:10(b). "ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും" (വെളി. 3:21).

ആകയാൽ നാം ഓരോരുത്തരും നമ്മുടെ ഇഹലോകജീവിതത്തിൽ "ക്രിസ്തുയേശുവിന്റെ നല്ല ഭടനായി" 'ഭീരുത്വത്തിന്റെ" ആത്മാവോടുകൂടിയല്ല, പ്രത്യുത "ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവോടുകൂടി വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനകളോടും" (എഫെ. 6:12) നിരന്തരമായി പോരാടി വിജയം കൈവരിക്കുന്നതിന് കരുണാസമ്പന്നനായ ദൈവം നമ്മെ പ്രാപ്തരാക്കുമാറാകട്ടെ.

(കടപ്പാട്)

# വിവാഹം എല്ലാവർക്കും മാന്യം: ബൈബിളിന്റെ പ്രഖ്യാപനം.

പാസ്റ്റർ എ.ജെ. ജോൺ കൊഴുവല്ലൂർ



"വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (എബ്രാ.13:4). വിവാഹ ജീവിതത്തിന്റെ പവിത്രതയ്ക്കും കുടുംബ ബന്ധത്തിന്റെ കെട്ടുറപ്പിനും ബൈബിൾ നല്കുന്ന പ്രാധാന്യം അതുല്യമാണ്, അതിന്റെ പ്രധാനകാരണം ബൈബിൾ ദൈവവചന മാണ് എന്നുള്ളതാണ്. ദൈവത്തിന്റെ സൃഷ്ടി യായ മനഷ്യൻ എങ്ങനെ ജീവിക്കണം എങ്ങനെ ജീവിക്കരുത് എന്നു വിവരിക്കുന്ന മാന്വൽ (manual) ആണ് ബൈബിൾ. ദൈവം സൃഷ്ടിച്ചത് ആണിനെയും പെണ്ണിനെയും മാത്രമാണ്. ആദാമിന്റെയും ഹവ്വായുടെയും സന്തതിപരമ്പരകളാണ് മനുഷ്യവർഗ്ഗം.

വിവാഹം എല്ലാവർക്കും മാന്യം എന്ന ബൈബിൾ വാക്യം മനുഷ്യരെ മൊത്തത്തിൽ ആഗോളവ്യാപകമായി പ്രതിനിധാനം ചെയ്യു ന്നതാണ്. ബൈബിൾ ക്രിസ്തുമത ഗ്രന്ഥമല്ല; സകല മനുഷ്യർക്കുമായുള്ള ദൈവിക വെളി പ്പാടുകളാണ്. യേശുവിന്റെ ജനനത്തിങ്കൽ ദൂതൻ അറിയിച്ച സന്ദേശത്തിൽ "സർവ്വജന ത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നു (ലൂക്കൊസ് 2:10). യേശു ലോകരക്ഷകനാണ് അതുപോലെതന്നെ ബൈബിൾ സന്ദേശം സാർവ്വലൗകികമാണ്. അതു ഭൂലോകത്തു എവിടെയുമുള്ള മനുഷ്യർ ക്കായിട്ടുള്ളതാണ്.

കേരളത്തിലെ പുരാതന ക്രൈസ്ത വരുടെ ഉത്പത്തി യേശുവിന്റെയും ശിഷ്യ ന്മാരുടെയും നൂറ്റാണ്ടിലോളം പുറകോട്ടു പോകുന്നതാണെങ്കിലും ക്രൈസ്തവവിവാഹം കേരളീയ സാമൂഹ്യജീവിതത്തിൽ സ്വാധീനം ചെലുത്തിത്തുടങ്ങിയത് പത്തൊമ്പതാം നൂറ്റാണ്ടു മുതൽ മാത്രമാണ്. പുരാതന ക്രൈസ്തവരുടെ കല്യാണപ്പാട്ടുകളിലെ ഭാഷ പഠനവിധേയമാക്കുമ്പോൾ കാണാൻ കഴിയു ന്നത് അതിനു 18-ാം നൂറ്റാണ്ടിനപ്പുറം പുരാത നത്വം ഇല്ലെന്നാണ്. ചില കല്യാണപ്പാട്ടുകൾ ആധുനികമലയാളത്തിലാണുതാനും. എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ കേരളത്തിലുണ്ടായിരു ന്നതായി പുരാതനത്വം അവകാശപ്പെടുന്ന ക്രൈസ്തവസമൂഹം അവരുടെ ക്രിസ്തീയ വിവാഹത്തിന്റെ സ്വാധീനം അക്രൈസ്തവ സമൂഹങ്ങളിലേക്ക് പകരുന്നതിനുപകരം അക്രൈസ്തവമായ ആചാരാനുഷ്ഠാനങ്ങൾ ക്രൈസ്തവസമൂഹത്തിലേക്ക് പകർത്തുക യാണ് ചെയ്തത്. നാൾപൊരുത്തം നോക്കുക, മുഹൂർത്തം നോക്കുക, രാഹുകാലം നോക്കുക, നിലവിളക്ക്, അക്രൈസ്തവരെ അനുകരിച്ച് താലി (മിന്നു) കെട്ട് അങ്ങനെ നിരവധി അന്ധ വിശ്വാസങ്ങൾ ക്രൈസ്തവർ സ്വീകരിക്കുക യല്ലാതെ അക്രൈസ്തവരെ സ്വാധീനിച്ചതായി കാണുന്നില്ല. ബ്രാഹ്മണർ മുതൽ താഴോട്ട് എല്ലാ ജാതി വിഭാഗങ്ങളും ബഹുഭാര്യാത്വവും അതുപോലെതന്നെ കുടുംബബന്ധങ്ങളുടെ സങ്കല്പംപോലും അധാർമ്മികതയുടെ കൂത്തരങ്ങായി മൃഗങ്ങളെപ്പോലും ലജ്ജി പ്പിക്കും വിധം അധഃപതിച്ചകാലത്തും അന്നത്തെ ക്രൈസ്തവസമൂഹം ഇതികർത്ത വ്യഥാ മൂഢരായിരുന്നു എന്നാണ് ചരിത്രം.

എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ സുവിശേഷീ കരണവും വിദ്യാഭ്യാസപ്രവർത്തനങ്ങളും ആരംഭിച്ചപ്പോൾ മാത്രമാണ് ക്രൈസ്തവരുടെ സ്വാധീനം അക്രൈസ്തവസമുദായങ്ങളിലേക്ക് എത്താൻ തുടങ്ങിയത്. 1816-ൽ സി.എം.എസ്. മിഷനറിമാർ മദ്ധ്യതിരുവിതാംകൂറിൽ സുവി ശേഷപ്രവർത്തനങ്ങൾ ആരംഭിച്ചകാലത്തു അന്നിവിടെ ഉണ്ടായിരുന്ന പട്ടക്കാരും മേൽപ്പട്ട ക്കാരും ഇടവകജനങ്ങളും ഒരുപോലെ തങ്ങൾ ഹിന്ദുമതത്തിന്റെ ഒരു വിഭാഗം എന്ന അഭിമാന ത്തിലാണ് ജീവിച്ചിരുന്നത്. ഹിന്ദുമതത്തിലെ മിക്കവാറും എല്ലാം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ക്രൈസ്തവരും നെഞ്ചേറ്റി നടന്നിരുന്നു. അന്നു മധ്യതിരുവിതാംകൂറി ലുണ്ടായിരുന്ന ക്രൈസ്തവസഭ അറിയപ്പെട്ടി

രുന്നത് പൗരസ്ത്യസുറിയാനി സഭ എന്നാണ്. അതായതു ഇന്നത്തെ യാക്കോബായ ഓർത്ത ഡോക്സ് വിഭാഗക്കാരുടെ പൂർവ്വികർ. ഹിന്ദു ക്കളെപ്പോലെ തലയിൽ കുടുമയും കാതിൽ കടുക്കനും മുറുക്കിച്ചുവപ്പിച്ച വായുമായി നടന്നിരുന്ന ഇവരെ ബൈബിൾ പഠിപ്പിക്കു വാനും അക്രൈസ്തവമായ ജീവിതരീതിയിൽ നിന്നും ക്രൈസ്തവമാർഗ്ഗത്തിലേക്ക് നടത്തു ന്നതിനുമായി സി.എം.എസ്. മിഷനറിമാർ കോട്ടയത്ത് സെമിനാരി സ്ഥാപിച്ച് വൈദിക പഠനവും പ്രബോധനങ്ങളും ആരംഭിച്ചു. എങ്കിലും പരമ്പരാഗത രീതിവിട്ട് യഥാർത്ഥ ക്രിസ്തുമാർഗ്ഗത്തിലേക്ക് തിരിയുവാൻ പൗര സ്ത്യസുറിയാനി സഭാനേതൃത്വം തയ്യാറല്ലാ യിരുന്നു. പുരാതനസുറിയാനി സഭയെ നവീ കരിക്കുവാൻ സി.എം.എസ്. മിഷനറിമാർ 1816 മുതൽ 1836 വരെ ഇരുപത് സംവത്സരങ്ങൾ കഠിനപ്രയത്നം ചെയ്ത് പരാജയപ്പെടുകയും 1836-ൽ മാവേലിക്കര പടിയോല എന്ന ഉടമ്പടി പ്രകാരം സി.എം.എസ്. മിഷനറിമാർ സുറി യാനി സഭയുമായുള്ള ബന്ധം വിട്ട് സ്വതന്ത്ര മായി പ്രവർത്തനം ആരംഭിക്കുകയും ഈഴവർ മുതലുള്ള അയിത്തജാതിക്കാരോട് സുവി ശേഷം അറിയിക്കുകയും അവർക്കായി പള്ളിയും പള്ളിക്കൂടവും നിർമ്മിച്ച് പ്രബുദ്ധരാ ക്കിത്തുടങ്ങുകയും ചെയ്തു. അങ്ങനെ ഈഴവർ തുടങ്ങിയുള്ള എല്ലാ അയിത്ത ജാതി വിഭാഗങ്ങളിലും ക്രൈസ്തവവിവാഹത്തിന്റെ പവിത്രതയും കുടുംബബന്ധത്തിന്റെ കെട്ടു റപ്പും അനുഭവിക്കുക വഴി മരുമക്കത്തായം എന്ന ദുഷിച്ച സമ്പ്രദായത്തിൽനിന്നും മക്ക ത്തായ സമ്പ്രദായത്തിലേക്ക് കേരളീയസമൂഹം മാറിത്തുടങ്ങി.

പത്തൊമ്പതാം നൂറ്റാണ്ടിൽ ക്രൈസ്തവ മിഷണറിമാർ അന്ധവിശ്വാസങ്ങൾക്കും അനാ ചാരങ്ങൾക്കും എതിരെ പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്ത കാലത്ത് സമൂഹ ത്തിലെ ഏറ്റവും ഉന്നതജാതിയായി കരുതി യിരുന്ന ബ്രാഹ്മണകുടുംബത്തിലെ ഏറ്റവും മൂത്ത മകനു മാത്രമാണ് സ്വജാതിയിൽനിന്നും വിവാഹം(വേളി) അനുവദിച്ചിരുന്നത്. ബാക്കി യുള്ള ഇളയ ബ്രാഹ്മണയുവാക്കൾ ശൂദ്രസ്ത്രീ കളുമായി സംബന്ധംകൂടുകയായിരുന്നു പതിവ്. അക്കാലത്ത് ശൂദ്രസ്ത്രീകൾക്ക് ബഹു ഭാര്യാത്വം അംഗീകരിക്കപ്പെട്ടിരുന്നു. സംബ ന്ധത്തിൽ ജനിക്കുന്ന കുട്ടികളുടെ പിതൃത്വം അനാഥമായിരുന്നതിനാൽ അവർ അമ്മാവന്റെ സംരക്ഷണയിൽ ജീവിച്ചു. അമ്മാവന്റെ സ്വത്തിന്റെ അവകാശികൾ സഹോദരിയുടെ മക്കൾ ആയിരുന്നു. നമ്പൂതിരി ഇല്ലങ്ങളുടെ അകത്തളങ്ങളിൽ അവിവാഹിതരായ നമ്പൂതിരി യുവതികളുടെ എണ്ണം വർദ്ധിച്ചു. അതു പോലെ തന്നെ നമ്പൂതിരി സ്ത്രീകൾക്ക് വിധവാവിവാഹവും നിഷിദ്ധമായിരുന്നു.

വി.റ്റി. ഭട്ടതിരിപ്പാട് ബ്രാഹ്മണ സമൂഹ ത്തിൽ നവോത്ഥാനം ആരംഭിച്ചുകൊണ്ട് അടുക്കളയിൽനിന്നു അരങ്ങത്തേക്ക് എന്ന നാടകം അവതരിപ്പിച്ചത് 1929-ലാണ്. വിധവാ വിവാഹം നടത്തിയതു 1937-ലാണ്. എന്നാൽ ഇതിനെല്ലാം വളരെമുമ്പ് ക്രൈസ്തവരായ വില്യംകേറിയും പണ്ഡിത രമാഭായിയും പോലുള്ളവർ രംഗത്തുവരികയും ബ്രാഹ്മണ സമുദായത്തിൽ വിധവാവിവാഹം നടപ്പാ ക്കുകയും ശൈശവവിവാഹത്തിനെതിരെ നിയമയുദ്ധം തന്നെ നടത്തി ശൈശവ വിവാഹം നിയമവിരുദ്ധമാക്കുകയും വിവാഹ നിയമം നടപ്പിലാക്കുകയും ചെയ്തു. ക്രൈസ്തവമിഷണറിമാർ സ്ത്രീകൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നല്കിത്തുടങ്ങി യതാണ് എല്ലാസമൂദായത്തിലെയും സ്ത്രീകൾ പുരുഷാധിപത്യത്തിൽ നിന്നും മോചിതരാ യതും. വിവാഹനിയമം (മാര്യേജ് ആക്റ്റ്) നിലവിൽ വന്നത് 1955 മാത്രമാണ്. അതിനും ദശാബ്ദങ്ങൾക്ക് മുമ്പ് വിവാഹത്തെക്കുറിച്ച് അവബോധമുണ്ടാക്കിയത് പത്തൊമ്പതാം നൂറ്റാണ്ടിലെ ക്രൈസ്തവ മിഷണറിമാരാണ്. ഹിന്ദു വിവാഹനിയമം നിലവിൽ വരുന്ന തിനും 83 കൊല്ലം മുമ്പ് 1872-ൽ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ് നിലവിൽ വന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ബ്രിട്ടീഷ് ഇന്ത്യ യിൽ ക്രൈസ്തവ മിഷണറിമാരാണ് അതിന്റെ അണിയറ ശില്പികൾ. ഇന്ത്യയിലെ ഗാന്ധർവ്വ വിവാഹത്തിന്റെ കാല്പനികതയും പുടവ കൊടുക്കലും സംബന്ധവും അസംബന്ധ മാണെന്നു കാട്ടിക്കൊടുത്തത് സുവിശേഷീ കരണവുമായി എത്തിയ ക്രൈസ്തവരാണ്.

വാഗമൺ പള്ളിയിലെ വിവാഹ ശുശ്രൂഷാവേദിയിൽ വിവാഹത്തിനു സമ്മത മല്ല എന്നു പറഞ്ഞ പ്രതിശ്രുതവധുവിനെ അനുകൂലിച്ചും പ്രതികൂലിച്ചും കമന്റുകൾ വന്നുകൊണ്ടിരിക്കുന്ന സമയത്താണീ ലേഖനം എഴുതുന്നത്. പെൺകുട്ടിയുടെ തീരു മാനം ശരിയാണ് പക്ഷേ അതു പറയാനുള്ള സമയം അതായിരുന്നില്ല. "doing a right thing in a wrong way". ഭൂമിയിൽ വിവാഹം നടക്കുമ്പോൾ മാലാഖമാർ പാടുകയും ചെകു ത്താൻ പല്ലുകടിക്കുകയും ചെയ്യുന്നു. ❑

# ദൈവസഭയുടെ സാദൃശ്യങ്ങൾ

## (CHURCH SIMILITUDES)

എം. എം. ആൻഡ്രൂസ്, തിരുവനന്തപുരം



**ക**ർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട, ലോകമെങ്ങുമുള്ള എല്ലാ വിശ്വാസികളും ഉൾപ്പെടുന്നതാണ് ദൈവസഭ അഥവാ പുതിയനിയമ സഭ. ഇന്നു ലോകത്തിൽ കാണുന്ന ഏതെങ്കിലും ഒരു ക്രിസ്തീയ വിഭാഗത്തെയല്ല ഈ പദം കൊണ്ടുദ്ദേശിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പെന്തക്കൊസ്തുനാളിൽ പരിശുദ്ധാത്മാവാം ദൈവം ഭൂമിയിലേക്ക് അവരോഹണം ചെയ്യുകയും അന്നു നടന്ന ആത്മസ്നാനത്താൽ ദൈവസഭ രൂപീകൃതമാവുകയും ചെയ്തു. അന്നു മുതൽ രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരിക്കുന്നു എന്ന് അപ്പൊസ്തലപ്രവൃത്തികൾ 2:47 ൽ നാം വായിക്കുന്നു. കർത്താവിന്റെ മദ്ധ്യാകാശ വരവുവരെയുള്ള കാലയളവിൽ രക്ഷിക്കപ്പെടുന്ന എല്ലാ ദൈവമക്കളും സഭയുടെ അംഗങ്ങളായിരിക്കും. കർത്താവായ യേശുക്രിസ്തു തന്റെ വിലയേറിയ രക്തം മറുവിലയായി കൊടുത്തു വീണ്ടെടുത്തതാണ് ദൈവസഭ. അതുകൊണ്ടു തന്നെ സഭയുടെ മഹത്ത്വവും പ്രാധാന്യവും വളരെ വലുതാണ്. സഭാനാഥനായ ക്രിസ്തുവും ദൈവസഭയും തമ്മിലുള്ള അഭേദ്യമായ ബന്ധം വെളിപ്പെടുത്തുന്ന അനേകം സാദൃശ്യങ്ങൾ (Similitudes) ദൈവവചനത്തിൽ നാം കാണുന്നു. ഇടയനും ആടുകളും, ശിരസ്സും ശരീരവും, മുന്തിരിവള്ളിയും കൊമ്പുകളും, മണവാളനും മണവാട്ടിയും, മഹാപുരോഹിതനും പുരോഹിതന്മാരും, മൂലക്കല്ലും കല്ലുകളും, തോട്ടക്കാരനും തോട്ടവും (കൃഷി) തുടങ്ങി നിരവധി സാദൃശ്യങ്ങൾ നാം തിരുവെഴുത്തിൽ കാണുന്നുണ്ട്. അവയിൽ അടങ്ങിയിരിക്കുന്ന ആത്മീയ സത്യങ്ങൾ ചിന്തിക്കുന്നതും പഠിക്കുന്നതും നമ്മുടെ ആത്മീയപോഷണത്തിനു സഹായകമാണ്. ഇടയനും ആടുകളും എന്ന സാദൃശ്യം സംബന്ധിച്ചുള്ള ചില ആത്മീയ ചിന്തകൾ പങ്കു വയ്ക്കാനാഗ്രഹിക്കുന്നു.

**ഇടയനും ആടുകളും:-**

ദൈവം ഇടയനായും മനുഷ്യരെ ആടുകളായും തിരുവചനത്തിലുടനീളം രേഖപ്പെടുത്തിയിട്ടുണ്ട്. പഴയനിയമകാലയളവിൽ യഹോവയായ ദൈവം ഇടയനും യിസ്രായേൽ ജനം ആടുകളുമായി ചിത്രീകരിച്ചിട്ടുണ്ട്. പുതിയനിയമസഭയോടുള്ള ബന്ധത്തിൽ കർത്താവായ യേശുക്രിസ്തു പ്രധാനഇടയനും ദൈവജനം ആടുകളുമാണ്. കർത്താവ് ഉയിർത്തെഴുന്നേറ്റശേഷം തിബെര്യാസ് കടൽക്കരയിൽവച്ച് പത്രൊസിനോടു “എന്റെ ആടുകളെ മേയ്ക്ക” എന്ന് മൂന്നു പ്രാവശ്യം കല്പിക്കുകയും ഇടയശുശ്രൂഷ പത്രൊസിനെ ഏല്പിക്കുകയും ചെയ്യുന്ന സംഭവം യോഹന്നാന്റെ സുവിശേഷം 21-ൽ നാം വായിക്കുന്നു. ദൈവസഭ രൂപീകൃതമായതിനുശേഷം, സ്ഥലം സഭകളിൽ വിശ്വാസികളുടെ ആത്മിക വർദ്ധനവിനും സഭാപരിപാലനത്തിനുമായി ദൈവം പ്രത്യേക കൃപാവരം കൊടുത്ത് ഇടയന്മാരെ (Pastors) നിയമിച്ചിരിക്കുന്നതായി പുതിയനിയമത്തിന്റെ വിവിധ ഭാഗങ്ങളിൽ നാം വായിക്കുന്നു. എന്നാൽ എല്ലാ ഇടയന്മാരുടെയും ഇടയൻ കർത്താവായ യേശുക്രിസ്തു തന്നെയാണ്. സഭകളിൽ പരിശുദ്ധാത്മാവ് എഴുന്നേല്പിച്ചിരിക്കുന്ന ഇടയന്മാർ ആത്മാക്കൾക്കുവേണ്ടി ജാഗരിക്കേണ്ടവരും വലിയ ഇടയനായ കർത്താവിന് കണക്കു കൊടുക്കേണ്ടവരുമാണ് (എബ്രാ: 13:17).

ഇടയൻ എന്നുള്ള നിലയിൽ കർത്താവായ യേശുക്രിസ്തുവിനുമാത്രം അവകാശപ്പെടാവുന്ന മൂന്നു പ്രത്യേക പദവികൾ ദൈവവചനത്തിൽ നാം കാണുന്നുണ്ട്. അവ നല്ല

ഇടയൻ (Good Shepherd), വലിയ ഇടയൻ (Great Shepherd), ശ്രേഷ്ഠ ഇടയൻ (Chief Shepherd) എന്നിവയാണ്.

### നല്ല ഇടയൻ (Good Shepherd)

യോഹന്നാൻ 10:11 ൽ കർത്താവു തന്നെ ഇപ്രകാരം പറയുന്നു "ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു". ആടുകൾക്കുവേണ്ടി സ്വന്തജീവനെ നല്കി രക്ഷിച്ച ഏകഇടയൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. കാൽവരി ക്രൂശിൽ വിലയേറിയ രക്തം ചിന്തിയാണ് കർത്താവ് ഈ വീണ്ടെടുപ്പു സാധിപ്പിച്ചത്. തൊണ്ണൂറ്റി ഒൻപതിനെയും വിട്ടേച്ച് കാണാതെ പോയ ഒരു ആടിനെതേടി കണ്ടെത്തുംവരെ അന്വേഷിച്ച് കണ്ടുപിടിച്ച് തോളിലേറ്റി വീട്ടിലെത്തി സന്തോഷിക്കുന്ന നല്ല ഇടയനാണ് കർത്താവായ യേശുക്രിസ്തു. നാം തെറ്റി ഉഴലുന്ന ആടുകളായിരുന്നു. എന്നാൽ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്ക് മടങ്ങി വന്നിരിക്കുന്നു (1പത്രൊസ് 2:25). നമ്മെ ജീവൻ തന്നു വീണ്ടെടുത്ത രക്ഷിതാവെന്ന നിലയിൽ കർത്താവു താൻ തന്നെ നല്ല ഇടയൻ എന്നു വിശേഷിപ്പിക്കുന്നു. ഇന്നുള്ള ഇടയന്മാരും സഭാവിശ്വാസികളായ ആടുകൾക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ ഒരുക്കമുള്ളവരായിരിക്കേണ്ടതാണ് എന്നുള്ള വലിയ പാഠവും നമുക്കു ലഭിക്കുന്നു.

### വലിയ ഇടയൻ (Great Shepherd)

എബ്രായ ലേഖനം 13:20 ൽ "നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം" എന്നു നാം വായിക്കുന്നു. മരിച്ചിട്ടും ഉയിർത്തെഴുന്നേറ്റവൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. മരിച്ചവരിൽനിന്നു ആദ്യഫലമായി ഉയിർത്തെഴുന്നേറ്റവൻ എന്ന പദവി കർത്താവായ യേശുക്രിസ്തുവിനല്ലാതെ മറ്റൊരു ഇടയനും അവകാശപ്പെടാവുന്നതല്ല. അതുകൊണ്ട് കർത്താവിനെ ''വലിയ ഇടയൻ'' എന്നു എബ്രായലേഖന കർത്താവു വിശേഷിപ്പിക്കുന്നു. ലോകത്തിലുള്ള സകല ഇടയന്മാരും മരിച്ചു മൺമറയുമെങ്കിലും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ഒരേ ഒരു ഇടയൻ കർത്താവു മാത്രമാണ്. അതുകൊണ്ട് അവൻ മറ്റുള്ള എല്ലാ ഇടയന്മാരേക്കാളും വലിയവൻ എന്ന പദവിക്ക് സർവ്വഥാ യോഗ്യനാണ്.


### ശ്രേഷ്ഠ ഇടയൻ (Chief Shepherd)

1പത്രൊസ് 5:4 ൽ ഇപ്രകാരം നാം വായിക്കുന്നു. "എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും''. മാളികമുറിയിലെ ശുശ്രൂഷയിൽ വച്ച് കർത്താവു ശിഷ്യന്മാരോടു പറഞ്ഞു ''ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ: 14:3). കർത്താവായ യേശുവല്ലാതെ മറ്റാരും വീണ്ടും വരും എന്ന വാഗ്ദത്തം നല്കിയിട്ടില്ല. ഇത്ര ശ്രേഷ്ഠപദവിയുള്ള മറ്റൊരു ഇടയനും ഇല്ല. അതുകൊണ്ട് ശിഷ്യനായ പത്രൊസു പറയുന്നു കർത്താവു ശ്രേഷ്ഠ ഇടയനാണെന്ന്. നമ്മുടെ കർത്താവിന്റെ ശ്രേഷ്ഠത വർണ്ണിക്കുവാൻ മർത്യനാവുകൾക്കു അസാദ്ധ്യമാണ്. ഉത്തമഗീതം 5-ാം അദ്ധ്യായത്തിൽ യരുശലേം പുത്രിമാർ ശൂലേമിയോടു ചോദിക്കുന്നു "നിന്റെ പ്രിയന് മറ്റു പ്രിയന്മാരേക്കാൾ എന്തു വിശേഷതയുള്ളൂ''? എന്നു. തന്റെ പ്രിയന്റെ അംഗപ്രത്യംഗ വർണ്ണനകൾ ഓരോന്നായി വർണ്ണിച്ച ശേഷം ശൂലേമി പറയുന്നു "അവൻ സർവ്വാംഗസുന്ദരൻ തന്നെ. യെരുശലേം പുത്രിമാരേ ഇവനത്രേ എന്റെ പ്രിയൻ" (ഉത്തമഗീതം 5:16). ഇതും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വർണ്ണന തന്നെയാണ്.

നമ്മുടെ ഇടയന് മററു ഇടയന്മാരേക്കാൾ എന്തു യോഗ്യതയുള്ളൂ എന്നു ചിത്രീകരിക്കുന്ന മൂന്നു സങ്കീർത്തനങ്ങൾ ദാവീദ് പ്രവചന ദൃഷ്ട്യാ ക്രിസ്തുവിനെ കണ്ടുകൊണ്ട് എഴുതിയിരിക്കുന്നു. അവ 22, 23, 24 സങ്കീർത്തനങ്ങളാണ്. ഇവ മൂന്നും മശീഹാ സങ്കീർത്തനങ്ങളാണ്. ദാവീദ് 22-ാം സങ്കീർത്തനത്തിൽ ക്രിസ്തുവിനെ ''നല്ല ഇടയനായും", 23-ൽ "വലിയ ഇടയനായും" 24-ൽ "ശ്രേഷ്ഠ ഇടയനായും" വർണ്ണിക്കുന്നു.

(തുടരും)

# ഇയ്യോബ് :
# ഒരു മാതൃകാപിതാവ്



ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

**സ്വാ**തന്ത്രഭാരതത്തിന്റെ പ്രഥമ പ്രധാന മന്ത്രിയുടെ ബഹുമാനാർത്ഥം എല്ലാ വർഷവും നവംബർ പതിന്നാലാം തീയതി ശിശു ദിനമായി ആഘോഷിക്കുന്ന പതിവു പരിചിത മാണല്ലോ. അമേരിക്കയിൽ എല്ലാ വർഷവും മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ച മാതൃദിനമായും (Mother's Day) ജൂൺ മൂന്നാം ഞായറാഴ്ച പിതൃദിനമായും (Father's Day) ആഘോഷിക്കപ്പെടുന്നു. സ്നേഹാദരവുകളും സമ്മാനങ്ങളും ആ ദിനങ്ങളിൽ മാതാപിതാ ക്കൾക്കു നല്കി മക്കൾ അവരോടുള്ള സ്നേഹവും നന്ദിയും പ്രകടിപ്പിക്കുന്നു. പിതൃ ദിനമാരംഭിച്ചതിനെക്കുറിച്ചൊരു കഥയുണ്ട്. വില്യം ജാക്സൺ സ്മാർട്ട് എന്ന മനുഷ്യന്റെ ഭാര്യ 1898-ൽ മരണമടഞ്ഞു. തങ്ങളുടെ ആറു മക്കളെയും വളർത്തേണ്ട ഭാരിച്ച ചുമതല പിതാവായ വില്യമിന്റേതായി. പിതാവു തങ്ങളെ ആറുപേരെയും ത്യാഗപൂർവ്വം വളർ ത്തി ഓരോ സ്ഥാനത്താക്കിയപ്പോൾ അദ്ദേഹ ത്തിന്റെ സ്തുത്യർഹമായ സമർപ്പണത്തെ പരസ്യമായി അംഗീകരിക്കുവാൻ അവരുടെ മൂത്തപുത്രിയായ സൊണോരാ ഡോഡ് ആഗ്രഹിച്ചു. സുദീർഘനാളുകളുടെ പരിശ്രമ ഫലമായി 1972-ൽ പിതൃദിനത്തിനു അധികാരി കളുടെ അംഗീകാരം ലഭിച്ചു. അമേരിക്കയി ലുള്ള എല്ലാ പിതാക്കന്മാരെയും ബഹുമാനി ക്കാനും നന്ദി പറയാനും മക്കൾക്കു ലഭിച്ച ഔദ്യോഗികദിനമാണ് പിതൃദിനം അഥവാ Father's Day.

വേദപുസ്തകത്തിന്റെ താളുകളിലും സമാദരണീയരായ നിരവധി മാതാപിതാക്കളെ കാണാവുന്നതാണ്. അവരിൽ അഗ്രഗണ്യനാ യിരുന്നു ഊസ് ദേശവാസിയായ ഇയ്യോബ്. വേദപുസ്തകത്തിലെ അറുപത്താറു പുസ്തക ങ്ങളിൽ അദ്ദേഹത്തിന്റെ പേരിലുള്ള പുസ്തക മാണു നമ്മുടെ പഠനത്തിന്റെ ആധാരം. ഇയ്യോ ബിന്റെ പുസ്തകം ഒരു കഥാസമാഹാരമല്ല. ഇയ്യോബ് ഒരു സാങ്കല്പികകഥാപാത്രവും ആയിരുന്നില്ല. യെഹെസ്കേൽ 14:14,20 വാക്യങ്ങളും യാക്കോബ് 5:11 ഉം ഇയ്യോബ് എന്ന വ്യക്തിയെ പരാമർശിച്ചിരിക്കുന്ന തിനാൽ അദ്ദേഹം ഒരു ചരിത്രപുരുഷൻ ആയിരുന്നുവെന്നു നിസ്സന്ദേഹം പ്രസ്താവി ക്കുവാൻ സാധിക്കും. നാമോരുത്തരെയും പോലെ പച്ചയായ ഒരു മനുഷ്യൻ ! പക്ഷേ നമ്മിൽ നിന്നും തുലോം വ്യത്യസ്തനും.

മക്കൾ പഠനാനന്തരം ജോലിയും സ്വന്തമായി വരുമാനവും ഒക്കെ ആയിക്കഴി ഞ്ഞാൽ പിന്നെ മാതാപിതാക്കളുമായുള്ള അടുപ്പത്തിനു അകലമുണ്ടാകുന്നതു സ്വാഭാവി കമാണ്. പോരെങ്കിൽ അണുകുടുംബത്തിന്റെ ആവിർഭാവത്തോടെ പിതൃപുത്രബന്ധത്തിന്റെ ഇഴകൾ മുറിഞ്ഞുമാറുന്നു. പലരും വിവാഹ ത്തോടെ മാതാപിതാക്കളുടെ നിയന്ത്രണ ത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ സ്വച്ഛവായു ശ്വസിക്കാൻ വെമ്പൽ കൂട്ടുന്നു. അത് ഇന്നത്തെ സ്ഥിതി. എന്നാൽ ഇയ്യോബ് ജീവിച്ചിരുന്ന കാലഘട്ടം നമ്മുടേതിൽനിന്നും തുലോം വ്യത്യസ്തമായിരുന്നു. ഇയ്യോബിനെ സഹി ഷ്ണുതയുടെയും സഹനത്തിന്റെയും പര്യായ മായിട്ടാണു നാം വിലയിരുത്തുന്നത്. യാക്കോ ബിന്റെ ലേഖനം 5:11ൽ നാം ഇപ്രകാരം കാണുന്നു:

യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു. ഇയ്യോബിനെക്കുറിച്ചു പഠിക്കുന്ന ഏതൊരു വ്യക്തിക്കും ജീവിത ത്തിൽ നേരിടുന്ന കഠിനശോധനകളെ ക്ഷമ യോടെ അഭിമുഖീകരിക്കുന്നതിനും അതോ

ടൊപ്പം നമ്മെപ്പോലെ ശോധനകളെ നേരിടുന്നവരുടെ പരീക്ഷകളെ അതിജീവിക്കാൻ അവരെ പ്രാപ്തരാക്കുവാനുള്ള മാർഗ്ഗനിർദ്ദേശം നല്കുവാനും കഴിയുന്നതാണ്. പ്രശ്നസങ്കീർണ്ണമായ ഈ ലോകത്തിൽ നമുക്കുചുറ്റും അനേകർക്കും ബുദ്ധ്യുപദേശങ്ങളും പ്രോത്സാഹനങ്ങളും അനിവാര്യമാണ്.

ഇയ്യോബിന്റെ സഹനത്തിനും സഹിഷ്ണുതയ്ക്കുമുപരി അദ്ദേഹമൊരു മാതൃകാപിതാവ് ആയിരുന്നു. സ്രഷ്ടാവായ ദൈവത്തിന്റെ ഭാഷയിൽ അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലായിരുന്നു. ശ്രേഷ്ഠവും അനുകരണീയവുമായ സ്വഭാവവൈശിഷ്ട്യങ്ങളുടെ ഉടമയായിരുന്നു ഇയ്യോബ്. നാം ജീവിക്കുന്ന ഈ കാലയളവിൽ അനേകം മാതാപിതാക്കളും മക്കൾക്ക് അനുകരിക്കുവാൻ അനുയോജ്യമല്ലാത്ത ജീവിതശൈലിയുടെ ഉടമകളാണെന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. ഭവനാന്തരീക്ഷവും സഭാന്തരീക്ഷവും സാമൂഹ്യമണ്ഡലങ്ങളുമെല്ലാം മലീമസമാക്കിയിരിക്കയാണ്. തലമുറകൾക്കു അനുകരിക്കുവാൻ യോഗ്യമല്ലാത്ത മൂല്യങ്ങൾക്കാണു ഇന്ന് അനേകരും മുൻതൂക്കം നല്കുന്നത്. തന്മൂലം മക്കൾ ലക്ഷ്യബോധമില്ലാതെ ഉഴലുകയാണ്. ധാർമ്മികമൂല്യച്യുതിയുടെ നീർച്ചുഴിയിലവർ നട്ടം തിരിയുകയാണ്. അനുകരണാർഹമായ മൂല്യങ്ങളുടെ ഉടമകൾ ഇന്നു തുലോം വിരളമായിക്കൊണ്ടിരിക്കയാണ്. ഭയാനകമായ ഒരു ഭാവിയിലേക്കാണീ സ്ഥിതിവിശേഷം വിരൽ ചൂണ്ടുന്നത്. ഏതു കാലഘട്ടത്തിലും ജീവിക്കുന്ന ഒരു ദൈവപൈതലിൽ അവശ്യം ഉണ്ടായിരിക്കേണ്ട സ്വഭാവസവിശേഷതകൾ സമഞ്ജസമായി സമ്മേളിച്ചിരുന്ന ഒരു മാതൃകാപുരുഷനായിരുന്നു ഇയ്യോബ്.

### നിഷ്കളങ്കൻ (blameless)

സർവ്വ സദാചാരമൂല്യങ്ങളും ഉൾക്കൊള്ളുന്ന, കുറ്റമറ്റ, ധാർമ്മിക പുഴുക്കുത്തു വീഴാത്ത ഒരാളാണ് നിഷ്കളങ്കൻ. പാപരഹിതൻ എന്നല്ല അതിന്റെ അർത്ഥം. പഴയനിയമയാഗത്തിനുള്ള മൃഗത്തെ തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥ ഊനമില്ലാത്തവ ആയിരിക്കണമെന്നാണ്. ബാഹ്യലക്ഷണങ്ങൾ പരിശോധിക്കുമ്പോൾ ഒരു കുറ്റവും കണ്ടെത്താൻ കഴിയാത്തവിധമുള്ള വ്യക്തി, അഥവാ, കുറ്റാരോപണങ്ങൾക്കു അതീതനായിരുന്നു ഇയ്യോബ്.

### നേരുള്ളവൻ (upright)

നേരേ വാ, നേരേ പോ മട്ട്, സത്യസന്ധമായി കാര്യങ്ങൾ ചെയ്യുന്നവൻ അഥവാ, ദൈവകല്പന വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറാത്ത ഒരു വ്യക്തിയായിരുന്നു ഇയ്യോബ്. തന്റെ ദൈവവുമായുള്ള ബന്ധത്തെയാണ് ഈ വിശേഷത സൂചിപ്പിക്കുന്നത്. അതു മനുഷ്യനു വിധി കല്പിക്കുവാൻ കഴിയാത്ത മേഖലയാണ്. ദൈവവുമായി ഒരു ആത്മബന്ധം ഇയ്യോബിനുണ്ടായിരുന്നു.

### ദൈവഭക്തൻ (one who feared God)

മൂന്നാമതായി, ഇയ്യോബ് ദൈവഭക്തനായിരുന്നു. ഭക്തനെന്നു വിശേഷിപ്പിക്കുന്നതിലും ശരി, ദൈവഭയമുള്ളവൻ ആയിരുന്നു എന്നതാണ്. ഭക്തിയിൽ നിന്നും ബഹുമാനത്തിൽ നിന്നും ഉരുത്തിരിയുന്ന വിശുദ്ധഭയമാണിവിടെ (holy fear) വിവക്ഷിക്കുന്നത്, പ്രത്യുത പേടിയല്ല. ആന്തരികമായ ഭക്തിബഹുമാനമാണ് ദൈവത്തോടുള്ള ഭക്തിയുടെ അടിസ്ഥാനം. ദൈവത്തിനു തന്മേലുള്ള അവകാശത്തെയും അധികാരത്തെയും താൻ അംഗീകരിക്കയും മാനിക്കയും ചെയ്തിരുന്നു. അങ്ങനെയുള്ള ഒരു വ്യക്തിയുടെ ജീവിതം കാണുന്നവർക്കു അവൻ ദൈവഭക്തനാണെന്നു സാക്ഷ്യം പറയുവാൻ കഴിയും. നമ്മുടെ ജീവിതം കാണുന്നവർ നമ്മെക്കുറിച്ച് എന്തഭിപ്രായമായിരിക്കും പറയുക? മറ്റുള്ളവരെ യേശുക്രിസ്തുവിങ്കലേക്കു ആകർഷിക്കുന്നതിനു മറ്റേതൊന്നിനെക്കാളുമുപരി സ്വാധീനശക്തി നമ്മുടെ ജീവിതശൈലിക്കാണുള്ളതെന്നു ഓർക്കുക.

### ദോഷം വിട്ടകലുന്നവൻ (turned away from evil)

ദൈവത്തിന്റെ സ്വഭാവഗുണത്തിനു വിപരീതമായതിനെ ഒക്കെ വെറുക്കുന്നവനാണ് ദോഷം വിട്ടകലുന്നവൻ. യഹോവാ

ഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു എന്നു ശലോമോൻ പ്രസ്താവിച്ചിരിക്കുന്നു(സദൃശ. 8:13). ഇയ്യോബ് ദൈവഭക്തനായിരുന്നുവെന്ന് പറഞ്ഞശേഷമാണ് ദോഷം വിട്ട് അകന്നു പോകുന്നവൻ എന്നു പറഞ്ഞിരിക്കുന്നത്. യഥാർത്ഥ ഭക്തന്റെ സ്വാഭാവിക പ്രതികരണ മാണു ദോഷത്തെ വെറുക്കുക എന്നത്. മറിച്ചു പറഞ്ഞാൽ, തിന്മയെ വെറുക്കാത്തവൻ ദൈവ ഭക്തനല്ല. ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു (യാക്കോബ് 4:4). ഇയ്യോബ് ലോകത്തിന്റെയും ലോകത്തിലുള്ള വസ്തുവകകളുടെയും സ്നേഹിതൻ അല്ലാ യിരുന്നു. ഈ ലോകത്തിനു അനുരൂപനാ കാതെ നന്മയും പൂർണ്ണപ്രസാദവുമുള്ള ദൈവ ഹിതം ഇന്നതെന്നു ആരാഞ്ഞ് ദൈവവുമാ യുള്ള സജീവസമ്പർക്കത്തിൽ ഇയ്യോബ് ജീവിച്ചു. ലോകത്താലുള്ള കറയും മാലിന്യവും ഏശാതെ ദൈവത്തോടു പറ്റിച്ചേർന്നു ജീവിച്ചു.

സകല പിതാക്കന്മാരിലും വച്ച് ഏറ്റവും നല്ല പിതാവായിരുന്നു (1:5). ലോകത്തിലേക്കും നല്ല പിതാവ് എന്ന ബഹുമതിക്ക് സർവ്വഥാ യോഗ്യനായ ഒരു വ്യക്തിയായിരുന്നു ഇയ്യോബ്. എന്നാൽ വിരുന്നുനാളുകൾ വട്ടം തികയുമ്പോൾ ഇയ്യോബ് പക്ഷേ തന്റെ പുത്രന്മാർ പാപം ചെയ്തു ദൈവത്തെ ഹൃദയംകൊണ്ടു ത്യജിച്ചുപോയിരിക്കും എന്നു പറഞ്ഞ് ആളയച്ചു അവരെ വരുത്തി ശുദ്ധീ കരിക്കയും നന്നാ രാവിലെ എഴുന്നേറ്റു അവരുടെ സംഖ്യയ്ക്കു ഒത്തവണ്ണം ഹോമ യാഗങ്ങളെ കഴിക്കയും ചെയ്യും. ഇങ്ങനെ ഇയ്യോബ് എല്ലായ്പ്പോഴും ചെയ്തുപോന്നു (ഇയ്യോ. 1:5).

എന്റെ മക്കൾ വിരുന്നു കഴിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ പാപം ചെയ്ത് ഹൃദയംകൊണ്ട് ദൈവത്തെ ത്യജിച്ചു പോയിരിക്കാം എന്നത് സകല പൂർവദിഗ്വാ സികളിൽ മഹാനായിരുന്ന മനുഷ്യനെ എല്ലാ യ്പോഴും അലട്ടിയിരുന്ന ഒരു പ്രശ്നമാ യിരുന്നു. വിഭവസമൃദ്ധമായ വിരുന്നിന്റെ ആമോദലഹരിയിലാറാടുന്ന മക്കൾ മനഃപൂർവ്വ മായോ അല്ലാതെയോ ദൈവത്തെ ത്യജിച്ചിട്ടു ണ്ടാവുമോ എന്നോർത്തു മനമുരുകുകയാണ് നിഷ്കളങ്കനും നേരുള്ളവനും യഹോവാ ഭക്തനും ദോഷം വിട്ടകലുന്നവനുമായ പിതാവ്. സ്നേഹധനനായ ആ പിതാവിന്റെ ഹൃദയമിടിപ്പ് മക്കൾ ദൈവത്തെ ത്യജിക്കാ നിടയായോ എന്നായിരുന്നു. ഇന്നത്തെ മാതാ പിതാക്കന്മാരുടെ ഹൃദയമിടിപ്പ് പണം, പണം എന്നല്ലേ? മക്കളുടെ ആത്മികാഭിവൃദ്ധിയോ സ്വഭാവശുദ്ധിയോ സ്റ്റോക് മാർക്കറ്റ് ഇടി വിനോളം നമ്മെ അലട്ടുന്ന പ്രശ്നമാണോ? ചിന്തിക്കുക. വിരുന്നുനാളുകൾ കഴിഞ്ഞാലുടൻ ഇയ്യോബ് മക്കളെ തന്റെയടുത്തുവരുത്തി ശുദ്ധീകരിക്കയും ഓരോരുത്തർക്കുംവേണ്ടി പാപപരിഹാരയാഗം കഴിക്കയും ചെയ്ക പതി വായിരുന്നു. എത്ര നല്ല പിതാവ്! മക്കളുടെ ആഡംബരത്തിനും ആനന്ദത്തിനും അവസര മൊരുക്കിയതോടൊപ്പം തന്നെ അവരുടെ ആത്മീയകാര്യത്തിലും അദ്ദേഹം സജീവശ്രദ്ധ ചെലുത്തിയിരുന്നു. നാമും മക്കളുടെ ആഡം ബരത്തിനും ആനന്ദത്തിനും വേണ്ടുന്നതു നല്കുന്നതിൽ ഒട്ടും പിന്നോക്കമല്ല. പക്ഷേ, അവരുടെ ആത്മികകാര്യങ്ങളെക്കുറിച്ച് അവ രോടു സംസാരിക്കാറുണ്ടോ? അതോ, അക്കാര്യം പാസ്റ്ററെയോ അച്ചനെയോ പള്ളി ക്കാരെയോ ഒക്കെ ഏല്പിച്ചിരിക്കയാണോ? ചിന്തിക്കുക.

സകല പൂർവദിഗ്വാസികളിൽ ഏറ്റവും ശ്രേഷ്ഠൻ എന്നാണു ഇയ്യോബിനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നത്. പലസ്തീൻ നാടിനു കിഴക്കുള്ള എല്ലാവരെയും പൂർവ്വ ദിഗ്വാസികൾ എന്നാണറിയപ്പെട്ടിരുന്നത്. ഊസ് ഒരു ഏദോമ്യപട്ടണമായിരുന്നു. യാക്കോബിന്റെ സഹോദരനായ ഏശാവാണ് ഏദോമ്യരുടെ പിതാവ്(ഉത്പത്തി 36:8,9). ഏദോമ്യരുടെ രണ്ടാമത്തെ രാജാവായ യോബാബ് (ഉത്പ ത്തി 36:33) ഇയ്യോബുതന്നെയാവാം എന്നാണു ചില വേദപണ്ഡിതന്മാരുടെ അഭിപ്രായം. മഹാധനവാനായിരുന്ന ഇയ്യോബ് ധനം ധൂർത്തടിക്കയോ അസാന്മാർഗ്ഗികസരണിയി ലേക്കുള്ള അപഥസഞ്ചാരത്തിനായി അതു വിനിയോഗിക്കയോ ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തിനു സകല പൂർവ്വദിഗ്വാസിക ളിലും മഹാൻ എന്ന സാക്ഷ്യം ലഭിക്കയി ല്ലായിരുന്നു. ഇന്നത്തെ അനേകം പണക്കാ രിൽ നിന്നും എത്രയോ വിഭിന്നൻ ആയിരുന്നു

ഇയ്യോബ്! ഒരുപക്ഷേ അബ്രാഹാമിന്റെയോ ഇസ്ഹാക്കിന്റെയോ യാക്കോബിന്റെയോ സമകാലികനായിരുന്ന ഇയ്യോബിനു അവർക്കു ആർക്കും ലഭിക്കാത്ത അംഗീകാരം ലഭിച്ചപ്പോൾ അദ്ദേഹം യഥാർത്ഥത്തിൽ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു വ്യക്തിയായിരുന്നുവെന്ന് ന്യായമായി അനുമാനിക്കാം.

ഇയ്യോബ് ഒരു ബഹുമുഖപ്രതിഭാധനൻ ആയിരുന്നു. സമൂഹത്തിൽ അദ്ദേഹം സമാദരണീയനായിരുന്നു. ന്യായപീഠത്തിൽ നീതിയുള്ള ന്യായാധിപനായിരുന്നു(ഇയ്യോബ് 29:7, 12-17). തൊഴിൽരംഗത്ത് തൊഴിലാളികളുടെ ക്ഷേമത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു (ഇയ്യോബ് 31:13-15). ആതിഥ്യമര്യാദകൾ പാലിക്കുന്ന നല്ലൊരു ആതിഥേയനായിരുന്നു. സമൂഹത്തിന്റെ വ്യത്യസ്തമേഖലകളിൽ താൻ വ്യക്തിമുദ്ര പതിപ്പിച്ചപ്പോഴും തന്റെ കുടുംബത്തോടുള്ള കടപ്പാടുകൾ വിസ്മരിക്കയോ മക്കളെ ശിക്ഷണത്തിൽ വളർത്തുന്നതിൽ വിമുഖത പ്രദർശിപ്പിക്കുകയോ ചെയ്തിരുന്നില്ല. ഇയ്യോബിന്റെ ഏറ്റവും വലിയ സമ്പത്ത് തന്റെ മക്കൾ ആയിരുന്നു. മക്കളെ ശിക്ഷണത്തിലും പത്ഥ്യോപദേശത്തിലും വളർത്താത്ത മാതാപിതാക്കൾക്കു ശക്തമായ ഒരു വെല്ലുവിളിയായി ഇയ്യോബു നിലകൊള്ളുന്നു. സുവിശേഷവേലയിൽ അതീവ വ്യാപൃതരായി മക്കളെ ശിക്ഷണത്തിൽ വളർത്തുന്നതിലും ഗൃഹകാര്യങ്ങളിലും കൃത്യവിലോപം വരുത്തുന്ന മാതാപിതാക്കൾക്കും ഉദ്യോഗാർത്ഥം ജീവിതസായാഹ്നം വരെ വിദേശങ്ങളിൽ മക്കളിൽ നിന്നും വേർപെട്ടു ജീവിക്കുന്ന മാതാപിതാക്കൾക്കും ഈടുറ്റ മാതൃകയാണ് ഇയ്യോബ്. നിയമത്തെ കാറ്റിൽ പറത്തി കൈക്കൂലി വാങ്ങിയും കൊടുത്തും കാര്യസാദ്ധ്യങ്ങൾക്കായി ഏതു കുത്സിത മാർഗ്ഗവും അവലംബിക്കുന്ന മാതാപിതാക്കൾക്കും ഇയ്യോബിന്റെ സുതാര്യമായ ജീവിതശൈലി ഒരു വെല്ലുവിളിയാണ്. ഇയ്യോബിനെക്കുറിച്ച് ദൈവത്തിന്റെ സാക്ഷ്യം ശ്രദ്ധിക്കുക. നമ്മെക്കുറിച്ച് ദൈവത്തിന്റെ സാക്ഷ്യം എന്തായിരിക്കും? നാം നിഷ്കളങ്കരോ അതോ കളങ്കിതരോ? നാം നേരുള്ളവരോ അതോ നെറികെട്ടവരോ? നാം ദൈവഭക്തരോ അതോ ഭക്തിയുടെ വേഷം ധരിച്ചു നടക്കുന്നവരോ? നാം ദോഷം വിട്ടോടുന്നവരോ അതോ ദോഷത്തോടു ഇഴുകിച്ചേരുന്നവരോ? ഒരു ആത്മപരിശോധന ചെയ്യുമോ? ഉന്നതമൂല്യങ്ങളും മാനദണ്ഡങ്ങളും മാതൃകയായി പകർത്തുവാൻ നമ്മെ ഉറ്റുനോക്കുന്ന നമ്മുടെ പിൻതലമുറയെ നാം ഭഗ്നാശയരാക്കരുത്. ഇയ്യോബിനെപ്പോലെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാതാപിതാക്കളേ, നമ്മുടെ മക്കൾക്കു അനുകരിക്കാനുതകുന്ന മാതൃകയാകാം. നമ്മുടെ മക്കൾ സങ്കോചമെന്യേ, ലോകത്തിലേക്കും നല്ല പിതാവ്, ലോകത്തിലേക്കും നല്ല മാതാവ് എന്നു നമ്മെ അഭിനന്ദിക്കട്ടെ; ആണ്ടിലൊരിക്കൽ മാത്രമല്ല, ആണ്ടിന്റെ എല്ലാദിവസവും. ❑

## Quest 68-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
2. ഏലിയാമ്മ പി.ജി. ഓമല്ലൂർ, പത്തനംതിട്ട
3. സൂസമ്മ ഏബ്രഹാം, പാമ്പാടി, കോട്ടയം
4. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
5. ജെസ്സി മോൻസൺ, കരിയംപ്ലാവ്,
6. ഗ്രേസിക്കുട്ടി തോമസ്സ്, ഓമല്ലൂർ, പത്തനംതിട്ട
7. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
8. മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ
9. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
10. ജോളി അബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
11. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
12. തങ്കമ്മ ദാനിയേൽ, കിഴക്കുംപാട്ടുകര, തൃശ്ശൂർ
13. സിസിലി, കുരിയച്ചിറ, തൃശ്ശൂർ
14. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
15. കെ. വി. ലീല, പുളിക്കൽ കവല, കോട്ടയം
16. ഓമന ജോൺ, പോങ്ങുംമൂട്, തിരുവനന്തപുരം
17. ബിന്ദു സി. എസ്. വഞ്ചിയൂർ, തിരുവനന്തപുരം

Quest 68-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

-ക്വിസ് മാസ്റ്റർ

# QUEST 69

(ഈ ലക്കം QUEST 69 ലെ ചോദ്യങ്ങൾ വിലാപങ്ങൾ, യെഹെസ്കേൽ പ്രവചനം 1 മുതൽ 20 വരെയുള്ള അദ്ധ്യായങ്ങൾ എന്നിവയിൽ നിന്നുമാണ്)

1. യിസ്രായേലിലെ പ്രവാചകന്മാരെ യഹോവ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
2. ഏദോംപുത്രി പാർക്കുന്നതെവിടെ?
3. അപ്പന്മാർ പച്ചമുന്തിരിങ്ങ തിന്നു മക്കളുടെ പല്ലു പുളിച്ചു എന്ന പഴഞ്ചൊല്ല് പറയുന്നത് എവിടെയാണ്?
4. നീതിയാൽ സ്വന്തജീവനെ രക്ഷിച്ച മൂന്നുപേർ ആരാണ്?
5. "ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും ചൊരിയുന്ന ക്രോധംകൊണ്ടും ഞാൻ നിങ്ങളെ ഭരിക്കും". ആരാണ് പറഞ്ഞത്?
6. ബെനായാവിന്റെ മകന്റെ പേരെന്ത്?
7. തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവനും യഹോവ നല്ലവൻ. ഏതു പുസ്തകത്തിലെ വാക്യമാണിത്?
8. യെരുശലേമിനെക്കുറിച്ച് യഹോവ പറഞ്ഞ പഴഞ്ചൊല്ല് എന്ത്?
9. "ഇവർ ദർശിക്കുന്ന ദർശനം വളരെ നാളത്തേക്കുള്ളതും ഇവർ പ്രവചിക്കുന്നത് ദീർഘകാലത്തേക്കുള്ളതും ആകുന്നു". ഇങ്ങനെ പറയുന്നത് ആര്?
10. ആറാം ആണ്ട്, ആറാം മാസം, അഞ്ചാം തീയതി യെഹെസ്കേൽ കണ്ട രൂപം എന്തായിരുന്നു.
11. നീലക്കല്ലുപോലെ സിംഹാസനത്തിന്റെ സാദൃശ്യത്തിൽ യെഹെസ്കേൽ കണ്ട രൂപം എവിടെയാണ് സ്ഥിതി ചെയ്തിരുന്നത്?
12. യിസ്രായേൽഗൃഹത്തിന്റെ അകൃത്യം എത്ര ദിവസമാണ് വഹിക്കേണ്ടത്?
13. സൗന്ദര്യപൂർത്തിയെന്നും സർവ്വമഹീതലമോദം എന്നും വിളിച്ചുവരുന്ന നഗരമേത്?
14. മൂർച്ചയുള്ള വാൾ എന്തായി ഉപയോഗിക്കുവാനാണ് യഹോവ യെഹെസ്കേലിനോട് ആവശ്യപ്പെട്ടത്?
15. ദുഷ്ടതയുടെ വടിയായിട്ട് വളർന്നിരിക്കുന്നത് എന്താണ്?
16. യെരുശലേം മലിനമായത് എന്തുചെയ്തതുകൊണ്ടാണ്?
17. യെഹെസ്കേൽ പ്രവാചകൻ സ്തംഭിച്ചുകൊണ്ട് ഏഴുദിവസം പാർത്തത് എവിടെ?
18. ദൈവത്തോട് മത്സരിച്ച മത്സരികൾ ആര്?
19. യെഹെസ്കേലിന് യഹോവയുടെ അരുളപ്പാട് ഉണ്ടായത് എവിടെവച്ച്?
20. ശൂന്യമായ പർവ്വതത്തിൽ കുറുക്കന്മാർ സഞ്ചരിച്ചു. പർവ്വതമേത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 69**-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2020 ഫെബ്രുവരി 20** നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

***ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :***

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST- 68 ശരി ഉത്തരങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. | ബാബേൽ | യിരെ. 51:7 | 12. | മിസ്രയീംപുത്രിയായ കന്യകയോട് | യിരെ. 46:11 |
| 2. | എവീൽ-മെരോദക് | യിരെ. 52:31 | 13. | രാജകുമാരനായ മല്ക്കീയാവിന്റെ | യിരെ. 38:6 |
| 3. | പുസ്തകച്ചുരുളിൽ | യിരെ. 36:2 | 14. | 17 ശേക്കെൽ വെള്ളി | യിരെ. 32:9 |
| 4. | രിബ്ലയിൽ | യിരെ. 39:6 | 15. | ഹനന്യാപ്രവാചകൻ | യിരെ. 28:10 |
| 5. | ഗെദല്യാവിനെ | യിരെ. 40:5 | 16. | മെതിക്കളം | യിരെ. 51:33 |
| 6. | സിദെക്കീയാവു | യിരെ. 37:1 | 17. | ശപിക്കപ്പെട്ടവൻ | യിരെ. 48:10 |
| 7. | എഫ്രയീം | യിരെ. 31:20 | 18. | എദോം | യിരെ. 49:17 |
| 8. | യിശ്മായേൽ | യിരെ. 41:9 | 19. | കഫ്തോർ | യിരെ. 47:4 |
| 9. | ബാബേൽ രാജാവ് | യിരെ. 29:22 | 20. | കാവല്പുരമുറ്റത്ത് | യിരെ. 33:1 |
| 10. | ബാബേൽ | യിരെ. 50:46 | | | |
| 11. | ബാബേൽ രാജാവ് | യിരെ. 52:11 | | | |

# പുനരാഗമനഗീതങ്ങൾ



ഗാനരചന
അന്നമ്മ ചാൾസ് ജോൺ

ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ സംഗീത വിഭാഗമായ ഗുഡ്ന്യൂസ് ഓഡിയോ പ്രസിദ്ധപ്പെടുത്തിയ പതിനൊന്ന് കസെറ്റ് / സിഡി കളിലുമായി അടങ്ങിയിരിക്കുന്ന 111 ഗാനങ്ങളാണ് പുനരാഗമനഗീതങ്ങൾ എന്ന ഈ പാട്ടുപുസ്തകത്തിലെ ഉള്ളടക്കം. ക്രൈസ്തവ വനിത സ്ഥാപക എഡിറ്ററും ഗുഡ്ന്യൂസ് മിനിസ്ട്രീസ് സഹസ്ഥാപകയും മുൻ ഡയറക്ടറുമായിരുന്ന ശ്രീമതി അന്നമ്മ സി. ജോൺ രചിച്ച ഗാനങ്ങളാണിവ.

പാട്ടുപുസ്തകം ആവശ്യമുള്ളവർ ഗുഡ്ന്യൂസ്, ആക്കുളം റോഡ് തിരുവനന്തപുരം 695 011 എന്ന വിലാസത്തിലോ ടെലിഫോൺ : 0471 2448079 നമ്പറിലോ ബന്ധപ്പെടുക




Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891